# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 1, തിങ്കൾ

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--313]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 4272 മുതൽ 4400 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 4401 മുതൽ 4475 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 4476 മുതൽ 4527 വരെ |
| തുറമുഖം - സഹകരണ വകുപ്പ് മന്ത്രി | : 4528 മുതൽ 4584 വരെ |

### സർക്കാർ സ്കൂളുകളിൽ ബസുകൾ വാങ്ങുന്നതിനുള്ള നടപടിക്രമം

4272 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് വാഹനം വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ആസ്തി വികസനഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് 2021 മുതൽ നാളിതുവരെയായി എത്ര ബസുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന വിവരം മണ്ഡലം തിരിച്ചുള്ള പട്ടിക സഹിതം നൽകാമോ;

(സി) ഏറനാട് മണ്ഡലത്തിൽ നിന്ന് ഏതെല്ലാം സ്കൂളുകൾക്കാണ് സ്കൂൾ ബസുകൾ വാങ്ങുന്നതിന് പ്രൊപ്പോസൽ നൽകിയിരുന്നതെന്നും അവയിൽ ഏതെല്ലാം സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഇനിയും ഏതെല്ലാം സ്കൂളുകൾക്ക് അനുമതി നൽകാനുണ്ടെന്നും, അനുമതി നൽകുന്നതിനുള്ള തടസ്സം എന്താണെന്നും ഉള്ള വിശദാംശം നൽകുമോ;

(ഡി) ബസുകൾ വാങ്ങുന്നതിന് കുടിശ്ശിക ഉണ്ടെങ്കിൽ പ്രസ്തുത കുടിശ്ശിക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുമോ?

### വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ

4273 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ ഏതൊക്കെ ആണെന്ന് ജില്ലയും വകുപ്പും തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾക്ക് വാടകയിനത്തിൽ പ്രതിമാസം എത്ര രൂപ നൽകുന്നുണ്ടെന്ന് അറിയിക്കാമോ ;

(സി) സംസ്ഥാനത്ത് ഒഴിഞ്ഞു കിടക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ എണ്ണം വ്യക്തമാക്കുമോ; വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>ട്രഷറി അക്കൗണ്ടുകൾ സുരക്ഷിതമാക്കാൻ നടപടി</u>**

4274 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിച്ചാൽ അക്കൗണ്ട് ഉടമയ്ക്ക് സന്ദേശം ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ട്രഷറി അക്കൗണ്ടുകൾ ഫോൺ നമ്പറുമായി ബന്ധപ്പെടുത്തി ട്രഷറിയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ചെക്ക് ബുക്ക് അച്ചടിയിൽ കേന്ദ്രീകൃത സ്വഭാവമില്ല എന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ചെക്ക് ബുക്ക് കേന്ദ്രീകൃതമായി അച്ചടിച്ച് ക്രമനമ്പർ രേഖപ്പെടുത്തി അക്കൗണ്ട് ഉടമയ്ക്ക് അയച്ചുകൊടുക്കുന്ന സംവിധാനം ട്രഷറിയിൽ നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ</u>**

4275 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24 വർഷങ്ങളിൽ ധനകാര്യവകുപ്പ് ഇൻസ്പെക്ഷൻ വിഭാഗം വിവിധ ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ ഏതെല്ലാം ഓഫീസുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ക്രമക്കേട് നടത്തിയവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**<u>കഴക്കൂട്ടം സബ്ട്രഷറിയിൽ നിന്ന് പണം അപഹരിച്ച സംഭവം</u>**

4276 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**

**ശ്രീമതി കെ. കെ. രമ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം സബ്ട്രഷറിയിലെ ജീവനക്കാർ വ്യാജ ചെക്കുണ്ടാക്കി മരണപ്പെട്ടവരുടെ അക്കൗണ്ടിൽ നിന്നും പണം അപഹരിച്ച എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സമാനമായ തട്ടിപ്പ് മറ്റു സബ്ട്രഷറികളിലും നടക്കാനുള്ള സാധ്യത മുൻനിർത്തി സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ട്രഷറി സംവിധാനത്തിലെ പഴുതുകൾ അടയ്ക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

## <u>അടിസ്ഥാന സൗകര്യ വികസന മേഖലയിൽ കൺസൾട്ടൻസി കമ്പനി</u>

4277 **ശ്രീ ഡി കെ മുരളി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ധനസഹായത്തിനും നടത്തിപ്പിനുമാവശ്യമായ വിശ്വാസ്യതയും പരിചയസമ്പത്തും വൈദഗ്ധ്യവുമുള്ള കൺസൾട്ടൻസി കമ്പനി സർക്കാർ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത കമ്പനി ഏതൊക്കെ വൻകിട പദ്ധതികൾക്ക് കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത കമ്പനി നിലവിൽ വന്നതിന്ശേഷം ഈ മേഖലയിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>പൊതു കടത്തിന്റെ തിരിച്ചടവ്</u>

4278 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ നിന്നും കടമെടുത്തതിന് 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പലിശയിനത്തിൽ മാത്രം അടച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കാലയളവുകളിൽ എടുത്ത തുകയ്ക്ക് എത്രയാണ് പലിശനിരക്കെന്നും തിരിച്ചടവ് കാലാവധി എത്രയാണെന്നും അറിയിക്കുമോ;

(സി) പൊതുവിപണിയിൽ നിന്നും 2016 മുതൽ ഇതുവരെ എടുത്തിട്ടുള്ള കടത്തിൽ എത്ര തുക തിരിച്ചടച്ചിട്ടുണ്ടെന്നും ഇനി എത്ര തിരിച്ചടക്കാനുണ്ടെന്നും വിശദമാക്കാമോ;

(ഡി) 2024-25, 2025-26, 2026-27 എന്നീ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഇപ്രകാരമുള്ള തിരിച്ചടവിന്റെ ബാധ്യത എത്രയെന്ന് വെളിപ്പെടുത്തുമോ?

## മദ്യ-ലോട്ടറി വിൽപ്പനയിലൂടെ ലഭിച്ച വരുമാനം

4279 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ മദ്യ വിൽപ്പനയിലൂടെ എത്ര രൂപയാണ് വരുമാനമായി ലഭിച്ചതെന്ന കണക്ക് ലഭ്യമാക്കാമോ;

(ബി) 2023-24 സാമ്പത്തിക വർഷത്തിൽ ലോട്ടറി വിൽപ്പനയിലൂടെ എത്ര രൂപയാണ് വരുമാനമായി ലഭിച്ചതെന്ന കണക്ക് ലഭ്യമാക്കാമോ;

(സി) 2023-24 സാമ്പത്തിക വർഷത്തിൽ സ്വർണ്ണ വില്പനയിൽ നിന്നുള്ള നികുതി ഇനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം ഇനം തിരിച്ച് ലഭ്യമാക്കാമോ?

## വിദേശ വായ്പകൾ

4280 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമായിട്ടുണ്ട്; ഓരോ പദ്ധതിയുടെയും വിശദാംശവും ലഭ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കുമോ;

(ബി) പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ ഫണ്ടിംഗ് ഏജൻസികളുമായി ധനസഹായത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്; പദ്ധതികളുടെ വിശദാംശവും ആവശ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കുമോ;

(സി) പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ സഹായം വാങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിന് എന്ത് തുടർനടപടിയാണ് സ്വീകരിച്ചുവരുന്നതെന്നും വിശദമാക്കുമോ;

(ഡി) ഏതെല്ലാം വിദേശ വായ്പകളാണ് ഇപ്പോൾ തിരിച്ചടച്ചുകൊണ്ടിരിക്കുന്നത്; പദ്ധതിയുടെ പേര്, വായ്പാത്തുക, ഫണ്ടിംഗ് ഏജൻസി എന്നിവ വ്യക്തമാക്കുമോ?

## അനുവദനീയമായ കടമെടുപ്പ് പരിധി

4281 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര ശതമാനമാണ് കടമെടുക്കുന്നതിന് അനുവദനീയമായ പരിധിയെന്നത് അറിയിക്കാമോ;

(ബി) ഇത് മുൻ വർഷം അനുവദിക്കപ്പെട്ട പരിധിയിൽ നിന്നും വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കൊല്ലം-മേപ്പയ്യൂർ റോഡിന്റെ നവീകരണ പ്രവൃത്തി

4282 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിൽ നിന്നും 36 കോടി രൂപ അനുവദിക്കുകയും ഭരണാനുമതി ലഭിക്കുകയും ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്ന കൊല്ലം-മേപ്പയ്യൂർ

റോഡിന്റെ നവീകരണ പ്രവൃത്തി താൽക്കാലികമായി നിർത്തിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള തടസ്സം നീക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## അരൂർ മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങൾ

4283 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ എത്ര റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുവാനാണ് കിഫ്ബി ഫണ്ട് അനുവദിച്ചതെന്നും ആയതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതി

4284 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നഗരങ്ങളിലെ ട്രാഫിക് ബ്ലോക്ക് കുറയ്ക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബജറ്റിൽ പ്രഖ്യാപിച്ച ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ സെൻട്രൽ ബസാർ പ്രോജക്ടിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയാണ് എന്ന് വിശദമാക്കാമോ;

(സി) നടപടികൾ പൂർത്തീകരിച്ച് പദ്ധതി വേഗത്തിൽ ആരംഭിക്കുമോ; വ്യക്തമാക്കാമോ?

## കഴനി-പഴമ്പാലക്കോട് റോഡ് പ്രവൃത്തി

4285 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡ് (പി.ഡബ്ല്യൂ.ഡി. 004-124) പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

4286 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നിന്നും നിലവിൽ ഏതൊക്കെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ കിഫ്ബി മുമ്പാകെ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ നിന്നും നിലവിൽ കിഫ്ബി മുഖേനയുള്ള എത്ര പദ്ധതികൾ പുതുക്കിയ ഭരണാനുമതിയ്ക്കായി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥയും വിശദീകരിക്കാമോ?

## പട്ടാമ്പി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

4287 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കൊടുങ്ങല്ലൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

4288 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും പൂർത്തിയാകാത്തവ ഏതൊക്കെയാണെന്നും അവ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

## കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണം

4289 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## കല്ലിങ്കൽപാടം സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തി

4290 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കല്ലിങ്കൽപാടം ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ (ജി.ഇ.ഡി. 003-11) കെട്ടിട നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും; വ്യക്തമാക്കുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിൽ പൂർത്തീകരിച്ച കിഫ്ബി പ്രവൃത്തികൾ

4291 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ പൂർത്തീകരിച്ച കിഫ്ബി പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾ ഏതൊക്കെ എന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് എത്ര തുകയാണ് വിനിയോഗിച്ചത് എന്ന് വിശദമാക്കുമോ?

**<u>വഴിമുക്ക്-കളിയിക്കാവിള റോഡ് വികസനം</u>**

4292 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിമുക്ക് - കളിയിക്കാവിള റോഡ് വികസനത്തിന് കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>കണ്ണമ്പ്ര വ്യവസായ പാർക്ക് പദ്ധതി</u>**

4293 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഫണ്ടിൽ ഉൾപ്പെടുത്തിയ കണ്ണമ്പ്ര വ്യവസായ പാർക്ക് കിൻഫ്ര (ഐ.എൻ.ഡി. 001-01) പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

**<u>നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

4294 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കിഫ്ബി പ്രവൃത്തികളിൽ ഭരണാനുമതി നൽകിയത് ഏതൊക്കെ പ്രവൃത്തികൾക്ക് ആണെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കുമോ?

**<u>പടന്നക്കാട് മേൽപ്പാലം -വെള്ളരിക്കുണ്ട് റോഡ്</u>**

4295 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബിയുടെ ധനകാര്യ അംഗീകാരത്തിനായി സമർപ്പിച്ച പടന്നക്കാട് മേൽപ്പാലം -വെള്ളരിക്കുണ്ട് റോഡിന് അംഗീകാരം നൽകാൻ കാലതാമസം നേരിടുന്നതിനുള്ള കാരണമെന്തെന്ന് അറിയിക്കാമോ;

(ബി) കാഞ്ഞങ്ങാട് നിന്നും മലയോര താലൂക്ക് ആസ്ഥാനമായ വെള്ളരിക്കുണ്ടിലേയ്ക്കും മലയോര പഞ്ചായത്തുകളിലേക്കും അതിവേഗം എത്താവുന്ന മാർഗ്ഗം എന്ന നിലയ്ക്ക് പ്രസ്തുത പദ്ധതിക്ക് എപ്പോൾ അംഗീകാരം ലഭിക്കുമെന്ന് വിശദമാക്കാമോ?

**<u>വാമനപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

4296 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണ അനുമതി ലഭിച്ചിട്ടുള്ളതും നിർമ്മാണം പൂർത്തീകരിച്ചതും നടപ്പാക്കി വരുന്നതുമായ ഏതെല്ലാം പദ്ധതികളാണുള്ളത്;

അവയ്ക്ക് ചെലവായ തുകയും നിർവഹണ ഏജൻസിയുടെ വിവരവും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ അനുമതി ലഭിച്ചിട്ടും നാളിതുവരെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തവ ഏതെല്ലാമാണ്; അവ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

4297 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

**കിഫ്ബി പ്രവൃത്തികൾ**

4298 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര പദ്ധതികൾക്കാണ് കിഫ്ബി തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കിഫ്ബിയ്ക്ക് ഏതൊക്കെ സ്രോതസ്സുകളിലൂടെയാണ് പണം സ്വരൂപിച്ചു ലഭിക്കുന്നതെന്ന് വിശദമാക്കാമോ; നാളിതുവരെ എത്ര തുകയാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദാംശം ലഭ്യമാക്കാമോ;

(ഡി) സാമ്പത്തിക പ്രതിസന്ധിമൂലം കിഫ്ബി പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ?

**പയ്യന്നൂർ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണം**

4299 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ മണ്ഡലത്തിലെ ഷേണായി സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കണ്ടങ്കാളി, എ.കെ.എ.എസ്.ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ, ജി.എച്ച്.എസ്.എസ്.വെള്ളൂർ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) സാങ്കേതിക നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെൻഡർ സേവിങ്സ് വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി

4300 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് 2017-2023 ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെൻഡർ സേവിങ്സ് വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അനുമതി ലഭ്യമാക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്

4301 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികൾ എത്ര തവണ ടെൻഡർ ചെയ്തുവെന്നും വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ പോലുള്ള തീരദേശ മണ്ഡലങ്ങളിലെ പ്രവൃത്തികൾ കരാറിൽ ഏർപ്പെടാത്തതുമൂലം തുക നഷ്ടമാകുവാനുള്ള സാധ്യതകളും ജനങ്ങളുടെ ക്ലേശങ്ങളും കണക്കിലെടുത്ത് കോസ്റ്റ് ഇൻഡെക്സ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മലപ്പുറം വനിതാ കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക

4302 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വനിതാ ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന് എം.എൽ.എ. യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 230.50 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും നിർവഹണ ഏജൻസിക്കും കരാറുകാരനും ലഭിക്കേണ്ട ആദ്യ ഗഡു എൻപത്തിയൊൻപത് ലക്ഷത്തി എൻപത്തി അയ്യായിരത്തി തൊണ്ണൂറ്റിയൊൻപത് രൂപ ഇപ്പോഴും അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ധനകാര്യ നോഡൽ സെന്റർ -സി വകുപ്പിലെ 23.03.2024 ലെ സ.ഉ.(സാധാ) നം. 2935/2024/ധന നമ്പർ റീ വാലിഡേറ്റ് ചെയ്ത ഉത്തരവിൽ സംഭവിച്ച സാങ്കേതിക പിഴവുകൾ തിരുത്തുവാൻ വീണ്ടും ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ശിപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) 2024-2025 സാമ്പത്തിക വർഷത്തിൽ ആദ്യ ഘട്ട ബിൽ ഉൾപ്പെടെ മുഴുവൻ തുകയും നിർവഹണ ഏജൻസിക്കും കരാറുകാരനും മാറി നൽകുവാൻ ധനകാര്യ വകുപ്പിന്റെ അനുമതി അടിയന്തരമായി നൽകുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

4303 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഇനി ഭരണാനുമതി ലഭിക്കാനുണ്ടെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(സി) ഭരണാനുമതി നൽകിയ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾക്ക് ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കാത്ത ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ

4304 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്തവയുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്നും തുക എത്രയാണെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്ന തീയതി എന്നാണ് എന്ന് വ്യക്തമാക്കുമോ ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ വിവിധ പദ്ധതികളുടെ ടെൻഡർ സേവിംഗ്സ് തുക

4305 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസനപദ്ധതി, പ്രത്യേക വികസന നിധി എന്നിവ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

## അഴീക്കോട് എം.എൽ.എ. ആസ്തി വികസന ഫണ്ട്

4306 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ അഴീക്കോട് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ് തുക എത്രയുണ്ടെന്ന് വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ?

## 2021-22 വർഷത്തെ ടെണ്ടർ സേവിംഗ്സ് തുക

4307 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരമുള്ള 2021-22 സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വിശദമാക്കുമോ?

## മലമ്പുഴ മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ

4308 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ മലമ്പുഴ മണ്ഡലത്തിൽ എം.എൽ.എ. പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഏതിനെല്ലാം ഇനിയും ഭരണാനുമതി നൽകുവാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി നൽകുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

## പുതുക്കാട് മണ്ഡലത്തിലെ ചെമ്പൂച്ചിറ ജി.എച്ച്.എസ്.എസ്. കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി

4309 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ 2018-19 വർഷത്തെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി അനുമതി ലഭിച്ച എൻപത്തിയൊന്ന് ലക്ഷം രൂപയുടെ ചെമ്പൂച്ചിറ ജി.എച്ച്.എസ്.എസ്. കെട്ടിടനിർമ്മാണത്തിന്റെ രണ്ടാംഘട്ട പ്രവൃത്തിയ്ക്ക് പുതുക്കിയ അനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾക്കുള്ള ഭരണാനുമതി

4310 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി നൽകാനുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

**കാസർഗോഡ് ജില്ലയിൽ ആസ്തി വികസന നിധിയിൽ നിന്നും ചെലവഴിച്ച തുക**

4311 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന നിധി അനുവദിച്ച് തുടങ്ങിയത് ഏതു വർഷം മുതലാണെന്ന് വ്യക്തമാക്കാമോ;

(ബി) 2023-2024 സാമ്പത്തിക വർഷം വരെ കാസർഗോഡ് ജില്ലയിൽ ആസ്തി വികസന നിധിയിൽ നിന്ന് എത്ര തുക വിനിയോഗിച്ചുവെന്ന് വർഷവും മണ്ഡലവും തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക വിനിയോഗിക്കാതെ തുക ഇപ്പോഴും ബാക്കിയുണ്ടെങ്കിൽ ഏതെങ്കിലും അത്യാവശ്യ പദ്ധതികൾക്ക് വേണ്ടി പ്രസ്തുത തുക ചെലവഴിക്കാൻ അനുമതി നൽകുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) എം.എൽ.എ. ആസ്തി വികസന നിധിയിൽ ടെണ്ടർ സേവിംഗ്സ് ഫണ്ട് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) 2023-2024 സാമ്പത്തിക വർഷം വരെ എം.എൽ.എ. ആസ്തി വികസന നിധിയിൽ കാസർഗോഡ് ജില്ലയിൽ കണ്ടെത്തിയ ടെണ്ടർ സേവിംഗ്സ് ഫണ്ട് എത്രയാണെന്ന് മണ്ഡലവും വർഷവും തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് ജില്ലയിൽ 2023-2024 സാമ്പത്തിക വർഷം വരെ ടെണ്ടർ സേവിംഗ്സ് ഫണ്ടിൽ നിന്ന് തുക ഉപയോഗിച്ച് ചെയ്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

**ടെണ്ടർ സേവിങ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ ശിപാർശ ചെയ്യുന്നതിന് അനുമതി**

4312 **ശ്രീ. വി. ആർ. സുനിൽകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ സേവിങ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ ശിപാർശ ചെയ്യുന്നതിന് അനുമതിയുണ്ടോ; എങ്കിൽ എന്നു മുതലുള്ള പ്രവൃത്തികൾക്കാണ് അനുമതി ഉള്ളതെന്ന് അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ പ്രസ്തുത ഇനത്തിൽ എത്ര തുകയാണ് ബാക്കി ഉള്ളതെന്ന് വർഷം തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(സി) പ്രസ്തുത തുകയ്ക്ക് പുതിയ പ്രവൃത്തികൾ ശിപാർശ ചെയ്യുന്നതിനുള്ള കാലാവധി എന്നുവരെ ആണെന്ന് അറിയിക്കാമോ?

**ഗുരുവായൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

4313 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഏതൊക്കെ പദ്ധതികളുടെ ബില്ലുകൾ നിലവിൽ

തീർപ്പാക്കാൻ ബാക്കിയുണ്ടെന്ന് വിശദമാക്കാമോ;

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവയിലുൾപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ നിന്നും മാറുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കാമോ?

**<u>സൊസൈറ്റികളുടെ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കാൻ നടപടി</u>**

4314 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട്, പ്രദേശിക വികസന ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി വ്യവസായ വകുപ്പിലും സഹകരണ വകുപ്പിലും രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കും മത്സ്യ സഹകരണ സംഘങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഫണ്ട് വിനിയോഗിക്കുന്നതിന് പ്രത്യേക ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**<u>എം.എൽ.എ. പ്രത്യേക വികസന ഫണ്ട് വിനിയോഗം</u>**

4315 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ എം.എൽ.എ. പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് 2021-22, 2022-23, 2023-24 വർഷങ്ങളിൽ അനുമതി നൽകിയ പ്രവൃത്തികളും അവയുടെ നിർമ്മാണ പുരോഗതിയും വർഷം തിരിച്ച് വ്യക്തമാക്കുമോ?

**<u>ഒറ്റപ്പാലം മണ്ഡലത്തിലെ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ</u>**

4316 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഒറ്റപ്പാലം മണ്ഡലത്തിലെ എം.എൽ.എ. പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാത്തതായി ഉണ്ടോ; എങ്കിൽ അവയുടെ വിവരം തുകയും വർഷവും തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്ന തീയതി എന്നാണ് എന്ന് വ്യക്തമാക്കുമോ?

**<u>ദേവികുളം മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

4317 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ മണ്ഡല ആസ്തി വികസന ഫണ്ട് മുഖേനയും സ്പെഷ്യൽ ഡെലവപ്പ്മെന്റ് ഫണ്ട് (എസ്.ഡി.എഫ്.) മുഖേനയും ദേവികുളം മണ്ഡലത്തിൽ ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ഇവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

## എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗം

4318 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്ഥാപനങ്ങളുടെ ആസ്തിയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ കളിസ്ഥലങ്ങൾ, പാർക്കുകൾ, ലാബുകൾ എന്നിവ നിർമ്മിക്കുന്നത് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിന്റെ അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ആസ്തി വികസന , പ്രത്യേക വികസന നിധികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിക്കുന്നതിനു നടപടി

4319 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതിയും പ്രത്യേക വികസന നിധിയും ചെലവഴിക്കുന്നതിലെ മാർഗനിർദേശങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നിയമസഭാ സാമാജികരിൽനിന്നും നിർദേശങ്ങൾ സ്വീകരിച്ചതിനുശേഷമുള്ള നടപടികൾ വിശദമാക്കാമോ; എത്ര നിയമസഭാ സാമാജികരാണ് അഭിപ്രായങ്ങളറിയിച്ചതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ നിലമ്പൂർ എം.എൽ.എ. നൽകിയ നിർദേശങ്ങൾ ഏതെങ്കിലും പരിഗണിച്ചിട്ടുണ്ടോ; പരിഗണനാർഹമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ആസ്തി വികസന പദ്ധതിയും പ്രത്യേക വികസന നിധിയും ചെലവഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നത്തേക്ക് പരിഷ്കരിക്കുമെന്ന് അറിയിക്കുമോ?

## സംസ്ഥാനത്തിനർഹമായ നികുതി വിഹിതം

4320 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി പ്രതിസന്ധിയിലാക്കുന്ന സാഹചര്യം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട നികുതി വിഹിതം യഥാസമയം സംസ്ഥാന സർക്കാരിന് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## സംസ്ഥാനത്തെ നബാർഡ് പദ്ധതികൾ

4321 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) 2024-2025 സാമ്പത്തികവർഷം നബാർഡ് ധനസഹായത്തിനായി സമർപ്പിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) 13.03.2015-ലെ 305/2015-ാം നമ്പർ ഉത്തരവ് പ്രകാരം നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് 36 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നതും എന്നാൽ പ്രളയത്തിനും കോവിഡ് മഹാമാരിക്കും ശേഷം സി.ആർ.സെഡ്. ക്ലിയറൻസ് ലഭിച്ചപ്പോഴേയ്ക്കും കാലാവധി അവസാനിച്ചതുമായ, വൈപ്പിൻ നിയോജകമണ്ഡലത്തിലെ വീരൻപുഴ ഡ്രെഡ്ജിംഗുമായി ബന്ധപ്പെട്ട ജൈവ വൈപ്പിൻ പദ്ധതി, ദ്വീപിലെ ജനങ്ങൾ വേലിയേറ്റത്താൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് നബാർഡിന്റെയോ മറ്റേതെങ്കിലും പദ്ധതികളിലോ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് സ്ഥലം എം.എൽ.എ. 17.10.2022-ന് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## <u>തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാർക്കാണ് പെൻ അനുവദിക്കാൻ നടപടി</u>

4322 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച സാഹചര്യത്തിൽ പൊതു സർവ്വീസിൽ ഉൾപ്പെട്ട പഴയ വകുപ്പുകളുടെ (പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം തുടങ്ങിയവ) പേര് തന്നെ സ്പാർക്കിൽ തുടരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) സ്പാർക്കിൽ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് എന്ന വകുപ്പ് ഉൾപ്പെടുത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പൊതുസർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള ഏത് വകുപ്പിലെ ജീവനക്കാർക്കാണ് പെൻ അനുവദിക്കാത്തതെന്നും പ്രസ്തുത ജീവനക്കാർക്ക് പെൻ അനുവദിക്കുന്നതിന് നിയമ തടസ്സമുണ്ടോയെന്നും വ്യക്തമാക്കാമോ?

## <u>മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെട്ട വ്യക്തികളുടെ എണ്ണം</u>

4323 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുന്ന വ്യക്തികളുടെ ആകെ എണ്ണം എത്രയാണ്;

(ബി) 2023-24 സാമ്പത്തിക വർഷത്തിൽ എത്ര പേർക്ക് മെഡിസെപ്പ് ആനുകൂല്യം ലഭിച്ചു; ഇവർക്ക് നൽകിയ ആകെ തുക എത്രയാണ്; വ്യക്തമാക്കുമോ?

## <u>സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ</u>

4324 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് സർക്കാർ നിയന്ത്രണത്തിൽ ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ;

(ബി) സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണത്തിന് സർക്കാർ മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; അതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ?

## ജീവനക്കാരുടെ യാത്രാബത്ത പരിധി കാലികമാക്കി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി

4325 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ യാത്രാബത്തയുടെ പ്രതിമാസ/മൂന്നുമാസ പരിധി നിശ്ചയിച്ചു കൊണ്ട് അവസാനമായി ഉത്തരവ് പുറത്തിറക്കിയത് എന്നാണ് എന്ന് അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) 2021-ലെ ശമ്പള പരിഷ്കരണത്തിനു ശേഷവും ജീവനക്കാർ 2016-ലെ യാത്രാബത്ത പരിധിയിൽ തന്നെ യാത്ര ചെയ്യേണ്ടി വരുന്നത് എന്ത് കൊണ്ടെന്ന് അറിയിക്കാമോ;

(സി) എങ്കിൽ ജീവനക്കാരുടെ യാത്രാബത്ത പരിധി കാലികമാക്കി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

## മെഡിസെപ്പ് പദ്ധതി

4326 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി ആരംഭിച്ച് രണ്ടുവർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ബി) രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാത്തപക്ഷം ഇൻഷ്വറൻസ് കമ്പനിയുമായി ഉണ്ടാക്കിയ എം.ഒ.യു.വിന് നിയമസാധുതയുണ്ടോ എന്ന് വ്യക്തമാക്കുമോ?

## ജീവാനന്ദം പദ്ധതി

4327 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വിവിധ ഇൻഷ്വറൻസ് പരിരക്ഷകൾ ജീവനക്കാർക്കുള്ളപ്പോൾ വീണ്ടും ഒരു ഇൻഷ്വറൻസ് പരിരക്ഷ പദ്ധതിയായ ജീവാനന്ദം പദ്ധതി കൂടി നടപ്പിലാക്കുന്നന്നതിന്റെ ആവശ്യകത വ്യക്തമാക്കാമോ;

(ബി) ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷയോടെ ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സംഘടനകൾ നിവേദനം നൽകിയിരുന്നോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ ഒന്നും നൽകാതെ പുതിയ ആനുകൂല്യങ്ങൾ നൽകുമെന്ന് വാഗ്ദാനം നൽകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) ജീവനക്കാർക്ക് നിലവിൽ കുടിശികയായ മുഴുവൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

## മെഡിസെപ്പ് പദ്ധതി മെച്ചപ്പെടുത്താൻ നടപടി

4328 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ച മെഡിസെപ്പ് പദ്ധതി ഫലപ്രദമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മെഡിസെപ്പ് പ്രീമിയം

4329 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പിൽ ഇടയ്ക്കുവച്ച് ചേരുന്നവരും മുൻവർഷങ്ങളിലെ പ്രീമിയവും അടയ്ക്കണമെന്ന് നിർദേശിച്ചിട്ടുണ്ടോ;

(ബി) പുതുതായി സർവീസിൽ പ്രവേശിക്കുന്നവരും മുൻവർഷങ്ങളിലെ പ്രീമിയം അടയ്ക്കണമെന്ന് ആവശ്യപ്പെടാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) മെഡിസെപ്പ് പദ്ധതി ആകർഷകമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് സംവിധാനം

4330 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിയതിന് ശേഷം മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് സംവിധാനം പഴയ രീതിയിൽ തുടരേണ്ടതില്ലെന്ന നിർദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിസെപ്പ് പദ്ധതി, കിടത്തി ചികിത്സ നടത്തുന്ന രോഗികൾക്ക് മാത്രമായതിനാൽ ഒ.പി. രീതിയിൽ ചികിത്സ തേടുന്ന സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സാ ചെലവുകൾ തിരികെ നൽകുന്നതിന്

എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും ഇതിനായി വകുപ്പുകൾക്ക് ആവശ്യമായ തുക അനുവദിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരമുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് സംവിധാനത്തിന് വകുപ്പുകൾക്ക് പഴയ രീതിയിൽ തുക അലോട്ട്മെന്റ് നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) 2023-24 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകളിൽ നിന്ന് മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനായി ആവശ്യപ്പെട്ടതും അനുവദിച്ചതുമായ അലോട്ട്മെന്റ് തുകയുടെ വിവരങ്ങൾ അറിയിക്കാമോ; 2024-25 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ വിവിധ വകുപ്പുകൾ ആവശ്യപ്പെട്ട എത്ര തുക ഇനി അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിൽ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ

4331 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ ഏതൊക്കെ എന്ന് അറിയിക്കുമോ;

(ബി) ഏതൊക്കെ ആശുപത്രികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താനായി പുതുതായി മുന്നോട്ടുവന്നതെന്നും അവയെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിൽ ആണെന്നും വ്യക്തമാക്കുമോ?

## തദ്ദേശസ്വയംഭരണ ഏകീകൃത സർവ്വീസിൽ സ്പാർക്ക് നടപ്പാക്കാൻ നടപടി

4332 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതു സർവ്വീസിന്റെ ഭാഗമായി നിലവിൽ വരേണ്ട ഇന്റർ-ട്രാൻസ്ഫർ പോളിസിയ്ക്ക് മുന്നോടിയായി നടപ്പിലാക്കേണ്ട സ്പാർക്ക് അധിഷ്ഠിത സർവ്വീസ് തദ്ദേശ പൊതു സർവ്വീസിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാർക്കും നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്റർ ട്രാൻസ്ഫർ പോളിസി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതു സർവ്വീസിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാരെയും സ്പാർക്ക് അധിഷ്ഠിത സർവ്വീസിലേക്ക് കൊണ്ട് വരുന്നതിന് നിലവിൽ ധനകാര്യ വകുപ്പിലുള്ള ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) നിലവിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർക്ക് സ്പാർക്ക് നടപ്പിലാക്കിയ മാതൃകയിൽ പൊതു സർവ്വീസിൽ ഉൾപ്പെട്ട മുഴുവൻ വകുപ്പിലെയും ജീവനക്കാർക്ക് സ്പാർക്ക് നടപ്പിലാക്കുവാൻ അനുമതി നൽകാമോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശ പൊതു സർവ്വീസ് പ്രിൻസിപ്പൽ ഡയറക്ടർ പ്രായോഗിക ശിപാർശ നല്കിയിട്ടുണ്ടോ; എങ്കിൽ ആയത് അംഗീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ശിപാർശ നാളിതുവരെ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

**വടക്കാഞ്ചേരി മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

4333 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികളാണ് 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ കഴിഞ്ഞ 3 വർഷത്തിൽ ബജറ്റിൽ 20 ശതമാനം തുക നീക്കി വച്ച പ്രവൃത്തികൾ ഏതൊക്കെ എന്നറിയിക്കാമോ; അതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ ;

(ഡി) അവയിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

**ബാലുശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ**

4334 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റിൽ 20 ശതമാനം തുക അനുവദിച്ച ഏതൊക്കെ വകുപ്പുകളിലെ എത്ര പ്രവൃത്തികളാണ് ബാലുശ്ശേരി മണ്ഡലത്തിൽ നിലവിലുള്ളത്; വിശദമാക്കാമോ;

(ബി) അവയിൽ എത്ര പ്രവർത്തികൾക്കാണ് ഇനിയും ഭരണാനുമതി ലഭിക്കാനുള്ളത്; വിശദമാക്കാമോ?

**വിഭവ സമാഹരണം**

4335 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതികൾ പുതുതായി ഏർപ്പെടുത്തിയും നിലവിലുള്ള നിരക്കിൽ മാറ്റം വരുത്തിയും ഓരോ വർഷവും ബഡ്ജറ്റിൽ അധികവിഭവ സമാഹരണത്തിലൂടെ എത്ര തുക വീതം സമാഹരിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; വർഷവും അധിക വിഭവ സമാഹരണ ലക്ഷ്യവും വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ ഇനത്തിലും യഥാർത്ഥത്തിൽ എത്ര തുക സമാഹരിക്കപ്പെട്ടുവെന്ന് വിശദമാക്കാമോ;

(സി) 2023-24 സാമ്പത്തിക വർഷം എത്ര തുകയുടെ വരുമാനവും ചെലവുകളുമാണ് ലക്ഷ്യമിട്ടിരുന്നത്;

(ഡി) ഇതിൽ നാളിതുവരെ എത്ര തുക ചെലവാക്കിയെന്നും എത്ര തുക വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) വരുമാനം കുറഞ്ഞത് കാരണം സർക്കാർ പ്രവർത്തനങ്ങൾക്കായി 2023-24 ൽ ഏതെല്ലാം സ്ഥാപനങ്ങൾ, ബാങ്കുകൾ, രാജ്യാന്തര സ്ഥാപനങ്ങൾ തുടങ്ങിയവകളിൽ നിന്നും എന്തു തുക കടം വാങ്ങിയിട്ടുണ്ട്; വിശദമാക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദ വിവരങ്ങൾ

4336 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ 2018-19 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മഞ്ചേശ്വരം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ നാളിതുവരെ ഭരണാനുമതി ലഭ്യമാകാത്ത പ്രവൃത്തികൾ ഏതെല്ലാം; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## മൂലധന ചെലവ് ഇനത്തിൽ വകയിരുത്തിയ തുക

4337 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ ബജറ്റിലും മൂലധന ചെലവ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള ആകെ തുക എത്രയായിരുന്നു; ഓരോ വർഷവും അനുവദിച്ച തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ?

## കടവ് പുഴ പാലത്തിന് അനുവദിച്ച തുക

4338 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ 2021-22 ബജറ്റിൽ മൂന്നിലവ് ഗ്രാമ പഞ്ചായത്തിലെ ചില്ലച്ചി തോടിനു കുറുകെ പാലം നിർമ്മിക്കുന്നതിന് 3.5 കോടി രൂപ അനുവദിക്കുകയും എന്നാൽ സാങ്കേതിക കാരണങ്ങളാൽ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അനുവദിച്ച തുക 2021 ലെ കാലവർഷക്കെടുതിയിൽ തകർന്നുപോയ പ്രസ്തുത ഗ്രാമപഞ്ചായത്തിലെ കടവ് പുഴ പാലത്തിന് മാറ്റി അനുവദിക്കുന്നതിന് എം. എൽ. എ. രേഖാമൂലം ആവശ്യപ്പെട്ടതിന്റെ നിലവിലെ അവസ്ഥയും ആയതിന്മേൽ സ്വീകരിച്ച നടപടിയും വിശദീകരിക്കാമോ?

## അഴീക്കോട് മണ്ഡലത്തിലെ പ്രവൃത്തികൾ

4339 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2024-25 വരെയുള്ള സംസ്ഥാന ബഡ്ജറ്റുകളിൽ 20 ശതമാനം തുക നീക്കിവച്ചിട്ടുള്ള അഴീക്കോട് മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിനുള്ള കാരണങ്ങളും വ്യക്തമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ

4340 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ 2016 മുതൽ ബഡ്ജറ്റിൽ 20 ശതമാനം തുക അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്തവ ഏതെല്ലാമെന്ന് അറിയിക്കാമോ; ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## മസ്റ്ററിംഗ് ചെയ്യാത്ത മാസങ്ങളിലെ ക്ഷേമ പെൻഷൻ ലഭിക്കുന്നതിന് നടപടി

4341 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്റ്ററിംഗ് ചെയ്യാത്ത മാസങ്ങളിൽ ക്ഷേമപെൻഷനുകൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മസ്റ്ററിംഗ് ചെയ്യാത്ത മാസങ്ങളിലെ ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## സാമൂഹ്യസുരക്ഷ പെൻഷൻ വിതരണം

4342 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ഇനത്തിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) 2011-16 കാലഘട്ടത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്ത തുക എത്രയെന്ന് അറിയിക്കുമോ;

(സി) സാമൂഹ്യ സുരക്ഷ പെൻഷൻ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ ?

## നികുതി പിരിവ് ശക്തിപ്പെടുത്താൻ നടപടി

4343 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനം ലക്ഷ്യമിട്ട രീതിയിൽ നികുതി പിരിച്ചെടുക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) നികുതി പിരിച്ചെടുത്ത് തനതു നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാശം നൽകുമോ?

## നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി

4344 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ബിസിനസ് ടു ബിസിനസ്, ബിസിനസ് ടു കസ്റ്റമർ എന്നീ ഇനങ്ങളിൽ എത്ര രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയിട്ടുള്ളതെന്ന വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഇനങ്ങളിൽ വൻതോതിൽ നികുതിവെട്ടിപ്പ് നടന്നിട്ടും ആയത് കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും നികുതി വകുപ്പിന് കാര്യക്ഷമമായ ഇടപെടൽ നടത്തുവാൻ കഴിയുന്നില്ല എന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര പരിഹാര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## നികുതി ഇളവ്

4345 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും ഏതെല്ലാം മേഖലകളിൽ നികുതി ഇളവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നികുതി ഇളവ് നൽകാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ?

## ട്രഷറി നിയന്ത്രണം

4346 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾക്ക് സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് സാമ്പത്തിക പ്രതിസന്ധി കാരണമാണോയെന്ന് വിശദമാക്കാമോ;

(ബി) ട്രഷറി നിയന്ത്രണം ഏർപ്പെടുത്താനുള്ള സാഹചര്യം വിശദമാക്കാമോ?

## സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് നടത്തിയ പഠനങ്ങൾ

4347 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് എന്തൊക്കെ പഠനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പഠനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;?

**ബ്ലാവന പാലം നിർമ്മാണം**

4348 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ പെരിയാർ നദിയ്ക്ക് കുറുകെ പുതിയ പാലം (ബ്ലാവന പാലം) നിർമ്മിക്കുന്നതിനായുള്ള മണ്ണ് പരിശോധന നടത്തുന്നതിന് കോംപെൻസേറ്ററി ലെവീസ് പേയ്മെന്റ് ലഭ്യമാക്കുന്നതിനായുള്ള പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷയിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

**വള്ളിക്കുന്ന് മണ്ഡലത്തിലെ പാലം നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ നടപടി**

4349 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുനമ്പത്ത് കടവ് പാലം, ഇരുമ്പോത്തിങ്കൽ പാലം, കടലുണ്ടിക്കടവ് പാലം എന്നിവയുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിൽ അയച്ചതും ധനകാര്യ ഇൻഡസ്ട്രീസ് ആന്റ് പി.ഡബ്ല്യൂ.ഡി. വിഭാഗത്തിൽ പരിശോധിക്കുന്നതുമായ ഫയലുകളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ ഭാഗമായി ധനകാര്യ വകുപ്പിലെ സി.ടി.ഇ. നൽകിയ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ ഫയലുകൾ പരിശോധിച്ച് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ധനകാര്യ സ്ഥാപനങ്ങളുടെ തട്ടിപ്പുകൾ**

4350 **ശ്രീ. യു. എ. ലത്തീഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ സ്ഥാപനങ്ങൾ ജനങ്ങളിൽ നിന്നും ആകർഷകമായ വ്യവസ്ഥകളിൽ പണം സ്വീകരിച്ച് തട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനാരംഭത്തിൽ തന്നെ ഇവയെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിൽ നിയമ സംവിധാനമുണ്ടോ; വിശദമാക്കുമോ;

(സി) അനധികൃതമായി നിക്ഷേപം സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## കെട്ടിട നിർമ്മാണ മേഖലയിലെ അക്രഡിറ്റേഷൻ

4351 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ മേഖലയിലെ നൂതന നിർമ്മാണ രീതികൾ നടപ്പിലാക്കുന്ന ഏജൻസികൾക്ക് അക്രഡിറ്റേഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

## കോതമംഗലം മണ്ഡലത്തിലെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം

4352 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഇഞ്ചത്തൊട്ടിയിൽ പുതിയ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ നിന്നും നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് പ്രത്യേക ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കരാറുകാർക്ക് നൽകാനുള്ള കുടിശിക

4353 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് മാത്രം എത്ര രൂപ കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കരാറുകാർക്ക് നൽകാനുള്ള കുടിശികമൂലം പദ്ധതികൾ തുടർന്നുപോകുന്നതിന് തടസ്സമുണ്ടാകാതിരിക്കാൻ കുടിശിക സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ?

## കോവിഡ് ചികിത്സാ കേന്ദ്രത്തിന് നൽകാനുള്ള പണം

4354 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രമായിരുന്ന മുക്കം കെ.എം.സി.റ്റി. മെഡിക്കൽ കോളേജിൽ രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്ത വകയിൽ മുക്കം നഗരസഭ സി.ഡി.എസ്.-ന് ഇനി എത്ര തുക നൽകാനുണ്ടെന്ന് വിശദമാക്കുമോ;

(ബി) പണം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലാ ഭരണകൂടം നൽകിയ അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഫയലിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(ഡി) പണം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## ധനകാര്യ വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി

4355 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 കാലയളവിൽ ഏതൊക്കെ വകുപ്പുകളാണ് ആഭ്യന്തര പരിശോധനാ റിപ്പോർട്ട് ധനകാര്യ വകുപ്പിന് ലഭ്യമാക്കാത്തതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാലയളവിൽ ധനകാര്യ ആഭ്യന്തര പരിശോധനാ വിഭാഗം നടത്തിയ പരിശോധനകൾ വ്യക്തമാക്കാമോ;

(ബി) ചില സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആഭ്യന്തര പരിശോധനാ വിഭാഗത്തിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ഓഡിറ്റ് പരാമർശങ്ങൾ കൂടുതലായി തീർപ്പാക്കാൻ അവശേഷിക്കുന്നത് ഏതൊക്കെ വകുപ്പുകളിലാണെന്നും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ എണ്ണമെത്രയെന്നും വ്യക്തമാക്കാമോ;

(ഡി) സർക്കാർ വകുപ്പുകളിലെ നടപടിക്രമങ്ങൾ ചട്ട പ്രകാരം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ രൂപീകരിച്ചിട്ടുള്ള ആഭ്യന്തര പരിശോധനാ വിഭാഗങ്ങൾക്ക് കാലാനുസൃതമായ പരിശീലനം നൽകി ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അതിനായി ധനകാര്യ ആഭ്യന്തര പരിശോധനാ വിഭാഗത്തെ ശക്തിപ്പെടുത്തുമോ എന്ന് അറിയിക്കാമോ;

(ഇ) ആഭ്യന്തര പരിശോധന കുറ്റമറ്റ രീതിയിൽ നടത്തി റിപ്പോർട്ട് യഥാസമയം ധനകാര്യ വകുപ്പിന് ലഭ്യമാക്കുവാൻ സർക്കാർ വകുപ്പുകൾക്ക് നിർദേശം നൽകുമോ?

## ശാസ്ത്ര സാങ്കേതിക മേഖലകളിലെ പ്രവൃത്തികൾക്കുള്ള അക്രഡിറ്റഡ് ഏജൻസികൾ

4356 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക മേഖലകളിലെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസികൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ബഹിരാകാശ പഠനവുമായി ബന്ധപ്പെട്ട് ടെലിസ്കോപ്പുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി നിയോഗിക്കപ്പെട്ട അക്രഡിറ്റഡ് ഏജൻസികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ബഡ്ജറ്റിൽ ടോക്കൺ തുക വകയിരുത്തിയ ടെലിസ്കോപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ഏത് ഏജൻസി വഴിയാണ് തയ്യാറാക്കി അംഗീകാരത്തിനായി നൽകേണ്ടതെന്ന് അറിയിക്കാമോ?

## പൊതുമേഖലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ട്രഷറിയിൽ ഒടുക്കിയ തുക

4357 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരുന്ന തുകകൾ സംസ്ഥാന ട്രഷറിയിലേയ്ക്ക് ഒടുക്കണമെന്നാവശ്യപ്പെട്ട് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിലെ ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം ഏതെല്ലാം സ്ഥാപനങ്ങൾ സംസ്ഥാന ട്രഷറിയിലേയ്ക്ക് അടച്ചിട്ടുണ്ട്; അതിൽ എത്ര തുക വീതം ഏതെല്ലാം സ്ഥാപനങ്ങൾക്ക് തിരികെ നൽകിയിട്ടുണ്ടെന്നും എത്ര തുക വീതം ഏതെല്ലാം സ്ഥാപനങ്ങൾക്ക് തിരികെ നൽകാൻ ബാക്കിയുണ്ടെന്നും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) സർക്കാരിന്റെ ഈ നടപടി കാരണം ഇത്തരം സ്ഥാപനങ്ങൾക്ക് അവയുടെ തനത് പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സ്ഥിതിയുണ്ടാകാറുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ ഈ സാമ്പത്തിക വർഷം ആവർത്തിയ്ക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>പുതുക്കാട് മണ്ഡലത്തിലെ പാലപ്പിള്ളി-ചീനിക്കുന്ന് റോഡ് നിർമ്മാണ പ്രവൃത്തി</u>

4358 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ 2023-24 ൽ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തിയ പാലപ്പിള്ളി - ചീനിക്കുന്ന് റോഡ് ഇന്റർലോക്ക് കട്ടവിരിയ്ക്കൽ പ്രവൃത്തിക്ക് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം</u>

4359 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കല മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കുറ്റ്യാടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>

4360 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ പുരോഗതി, പദ്ധതികളുടെ അടങ്കൽ തുക, പൂർത്തീകരണ കാലാവധി എന്നിവ വിശദമാക്കുമോ?

## എരിമയൂർ പഞ്ചായത്തിലെ ചുള്ളിമടപാലം നിർമ്മാണം

4361 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തിയിൽപ്പെട്ട എരിമയൂർ പഞ്ചായത്തിലെ ചുള്ളിമടപാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## മൂലക്കിൽ കടവ് പാലം നിർമ്മാണം

4362 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ- കല്ല്യാശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂലക്കിൽ കടവ് പാലം നിർമ്മാണത്തിന് സാമ്പത്തികാനുമതി നൽകുന്ന നടപടിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

## ആദായ നികുതിയിലെ മാറ്റം

4363 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായ നികുതി സെക്ഷൻ 43 ബി (എച്ച്) പ്രകാരം നികുതിയിലുണ്ടാകുന്ന പുതിയമാറ്റം സംസ്ഥാനത്തെ ചെറുകിട വ്യവസായികളെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിശദാംശം നൽകാമോ?

## നാഷണൽ സേവിങ്സ് വകുപ്പിലെ ബൈട്രാൻസ്ഫർ നിയമനം

4364 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നാഷണൽ സേവിങ്സ് വകുപ്പ് സ്പെഷ്യൽ റൂൾ 31.05.2008 ലെ ഗസറ്റ് നമ്പർ 1115 പ്രകാരം ഏതൊക്കെ വകുപ്പിലെ ഏതൊക്കെ തസ്തികയിൽ ഉള്ളവർക്കാണ് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് നാഷണൽ സേവിങ്സ് ബൈട്രാൻസ്ഫർ തസ്തികയിൽ നിയ നേടാൻ അർഹതയുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ബൈട്രാൻസ്ഫർ നിയമന കാറ്റഗറി നമ്പർ 133/2020 ൽ ഫീഡർ തസ്തികയായ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിങ്/ഐ.ആർ.ഡി) യ്ക്ക് പകരം സമാന തസ്തിക അല്ലാത്ത എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിങ്) ഗ്രേഡ്2, എക്സ്റ്റൻഷൻ ഓഫീസർ (വിമൺ വെൽഫെയർ) എന്നീ തസ്തികകൾ സമാന തസ്തികയായി കണക്കാക്കി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പോ നാഷണൽ സേവിങ്സ് വകുപ്പോ കേരള പി.എസ്.സി. യ്ക്ക് നിർദ്ദേശം

നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണെന്ന് അറിയിക്കാമോ; പകർപ്പ് ലഭ്യമാക്കാമോ;

(സി) മുൻ ഗ്രാമവികസന വകുപ്പിന്റെ 02.08.2008 ലെ സ്പെഷ്യൽ റൂൾ ഗസറ്റ് നമ്പർ 1668 പ്രകാരം എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിങ്) ഗ്രേഡ്2, എക്സ്റ്റൻഷൻ ഓഫീസർ (വിമൺ വെൽഫെയർ) എന്നീ തസ്തികൾക്ക് സ്ഥാനക്കയറ്റത്തിലൂടെ ലഭിക്കുന്ന ജോയിൻറ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ/എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിങ്/ഐ.ആർ.ഡി.) ഇവ സമാന തസ്തിക അല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുൻ ഗ്രാമവികസന വകുപ്പിൽ ജൂനിയർ സുപ്രണ്ടന്റ്, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ/ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിങ്/ഐ.ആർ.ഡി.) എന്നിവ സമാന തസ്തികകൾ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മുൻ ഗ്രാമവികസന വകുപ്പിൽ ഹെഡ് ക്ലാർക്ക്, എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിങ്) ഗ്രേഡ്2, എക്സ്റ്റൻഷൻ ഓഫീസർ (വിമൺ വെൽഫെയർ), ജനറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവ സമാന തസ്തികകൾ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കേരള പി.എസ്.സി. യുടെ കാറ്റഗറി നമ്പർ 133/2020 ലെ വിജ്ഞാപനം പ്രകാരം ധനകാര്യ വകുപ്പ്/നാഷണൽ സേവിങ്സ് വകുപ്പ് സ്പെഷ്യൽ റൂൾ എന്നിവയിൽ ഫീഡർ തസ്തികയായി പറയാത്ത ഏതെങ്കിലും തസ്തികയെ പ്രസ്തുത കാറ്റഗറി നമ്പറിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ധനകാര്യ വകുപ്പ്/നാഷണൽ സേവിങ്സ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണെന്ന് അറിയിക്കാമോ; പകർപ്പ് ലഭ്യമാക്കാമോ;

(ജി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് നിർദ്ദേശം നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത കാറ്റഗറി വിജ്ഞാപനത്തിൽ ഫീഡർ തസ്തികകളായി ഉൾപ്പെടുത്താത്ത തസ്തികയിൽ ഉള്ളവർ പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് നിയമന വകുപ്പ് എന്ന നിലയിൽ ധനകാര്യ വകുപ്പ് പി.എസ്.സി.യ്ക്ക് നിർദ്ദേശം നൽകുമോ?

## സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം

4365 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ആരംഭിച്ച സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കാമോ;

(സി) വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ മറ്റുള്ള വിദ്യാലയങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്നുള്ള നികുതി വരുമാനം

4366 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് നികുതി വരുമാനത്തിലുണ്ടായിട്ടുള്ള കുറവ് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം ഏതൊക്കെ മേഖലകളിൽ നിന്നുള്ള നികുതി വരുമാനത്തിലാണ് കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; ഓരോ മേഖലയിലും ഇപ്രകാരം കുറവ് സംഭവിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

## സ്വർണ്ണ വില്പനയിലൂടെ ലഭിച്ച നികുതി വരുമാനം

4367 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആളോഹരി സ്വർണ്ണ ഉപഭോഗത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനത്ത് ആകെ സ്വർണ്ണ വില്പനയുടെ ഇരുപത് ശതമാനത്തിനുപോലും നികുതി ഈടാക്കുവാൻ സർക്കാർ സംവിധാനം പരാജയപ്പെട്ടതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സ്വർണ്ണ വില്പനയിലൂടെ ലഭിച്ച നികുതി വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്വർണ്ണ കച്ചവടത്തിന് ആനുപാതികമായി നികുതി ഈടാക്കുവാൻ സാധിക്കാത്തതിന്റെ കാരണത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ധനകാര്യ പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഈ വിഷയത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ടൂറിസം മേഖലയിലെ നികുതി വരുമാനം

4368 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയിൽ മദ്യവിതരണവുമായി ബന്ധപ്പെട്ട് നിലവിൽ ചുമത്തുന്ന നികുതി നിരക്കുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ നിന്നും ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും പ്രതീക്ഷിച്ച നികുതി വരുമാനവും ലഭിച്ച നികുതി വരുമാനവും എത്രയാണെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

4369 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 2021, 2022, 2023 വർഷങ്ങളിലെ സ്ഥിതി വിശദമാക്കാമോ; തുടർച്ചയായ വർഷങ്ങളിൽ തനത്

നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനത്തിൽ 2021, 2022, 2023 വർഷങ്ങളിൽ വർദ്ധനവുണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

## ജി.എസ്.ടി. വകുപ്പിന്റെ നികുതി നിർണ്ണയം

4370 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ടാക്സ്പേയർ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് ഫയലുകൾ സ്വമേധയാ പരിശോധിച്ച് നികുതി നിർണ്ണയം നടത്തുവാൻ അധികാരമുണ്ടോ;

(ബി) നിലവിൽ കേന്ദ്രീകൃതമായി നൽകുന്ന ഫയലുകളിലുള്ള പൊരുത്തക്കേടുകൾക്ക് മാത്രം നോട്ടീസ് നൽകി നികുതി നിർണ്ണയം യാന്ത്രികമായി ചെയ്തു തീർക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത രീതിക്ക് മാറ്റം വരുത്തി കേന്ദ്രീകൃതമായി നൽകുന്ന ഫയലുകൾക്ക് പുറമേ സ്വമേധയാ ക്രമക്കേടുകൾ കണ്ടെത്തി നികുതി നിർണ്ണയം നടത്തി നഷ്ടപ്പെട്ട നികുതി തിരികെ പിടിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) പുതുതായി നിലവിൽ വന്ന ഇന്റലിജൻസ് വിഭാഗം 20 ലക്ഷം രൂപക്ക് മുകളിൽ നികുതി വെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങളെ മാത്രമേ പരിശോധനക്ക് പരിഗണിക്കാവൂ എന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) നികുതി വെട്ടിപ്പ് പെരുകിയ സാഹചര്യത്തിൽ സംസ്ഥാന വ്യാപകമായി ഒരു സമഗ്ര പരിശോധന നടത്തി നിലവിൽ രജിസ്ട്രേഷൻ എടുക്കേണ്ടവയായിട്ടും എടുക്കാത്ത സ്ഥാപനങ്ങളേയും വ്യക്തികളേയും കൂടി നികുതി വലയത്തിനുള്ളിൽ ആക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഇ) നിലവിൽ കോമ്പോസിഷൻ സ്കീമിൽ നികുതി ഒടുക്കുന്ന വിഭാഗത്തിൽ ഭൂരിഭാഗവും പ്രസ്തുത സ്കീമിന്റെ പരിധിയായ 1.5 കോടി രൂപാ അധികരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പഴയ നികുതി നിയമങ്ങളിൽ പിരിഞ്ഞ് കിട്ടാനുള്ള 13,000 കോടി രൂപ പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## പ്രതിമാസം ജെനറേറ്റ് ചെയ്യുന്ന ഇ- വേ ബില്ലുകൾ

4371 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര, സംസ്ഥാനാന്തര ചരക്ക് നീക്കങ്ങൾക്ക് പ്രതിമാസം എത്ര ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുന്ന എന്ന കണക്ക് ലഭ്യമാക്കാമോ; ഇതിൽ എത്ര രൂപയുടെ ക്രയവിക്രയം ആണ് നടക്കുന്നത്; 2023 ഏപ്രിൽ 1 മുതൽ 2024 മെയ് 31 വരെയുള്ള കാലയളവിലെ പ്രതിമാസം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചരക്ക് നീക്കം നടക്കുന്ന മെയ് മാസത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് പഞ്ചനക്ഷത്ര ഹോട്ടലിൽ പരിശീലന പരിപാടി നടന്ന വേളയിൽ 2024 മെയ് 20 മുതൽ 25 വരെ ആറ് ദിവസത്തേക്ക്

സംസ്ഥാനത്തെ റോഡുകളിലൂടെയുള്ള ചരക്ക് നീക്കങ്ങൾ പരിശോധിക്കുവാൻ സ്വീകരിച്ച ബദൽ മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; അതിനായി ഇറക്കിയ ഉത്തരവിന്റെ പകർപ്പ് നൽകാമോ; പ്രസ്തുത ദിവസങ്ങളിൽ ബില്ലില്ലാതെ സാധനങ്ങൾ കടത്താൻ കച്ചവടക്കാർക്ക് അവസരം ഉണ്ടാക്കികൊടുത്തതാണെന്ന ആക്ഷേപത്തിൽ വസ്തുതയുണ്ടോ;

(സി) പ്രസ്തുത ദിവസങ്ങളിൽ സംസ്ഥാനത്ത് ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യപ്പെട്ടത് ശരാശരിയിലും താഴെ ആണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; പഞ്ചനക്ഷത്ര ഹോട്ടലിലെ പരിശീലനം സംബന്ധിച്ചുള്ള മാധ്യമ വാർത്തകളിൽ നിന്ന് ശ്രദ്ധതിരിക്കാനാണോ ഓപ്പറേഷൻ പാം ട്രീ എന്ന പേരിൽ ആക്രി കച്ചവടത്തിന്റെ മറവിലുള്ള തട്ടിപ്പ് കണ്ടെത്താൻ പരിശോധന നടത്തിയത് എന്ന് അറിയിക്കാമോ?

## <u>സ്വർണ്ണാഭരണ വില്പനയിലെ നികുതി വെട്ടിപ്പ്</u>

4372 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വർണ്ണാഭരണ വില്പനയിലൂടെ നികുതി ഇനത്തിൽ പ്രതിവർഷം എത്ര രൂപ ലഭിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ 2016 മുതൽ ലഭിച്ച നികുതി വരുമാനം എത്ര രൂപയാണെന്ന് സാമ്പത്തികവർഷം തിരിച്ച് 2016 ഏപ്രിൽ മുതൽ 2024 മാർച്ച് വരെയുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്ക് പ്രകാരം സ്വർണ്ണത്തിന്റെ ഉപഭോഗം ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളം ആണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് നടക്കുന്ന സ്വർണ്ണ വില്പനയുടെ 20% പോലും നികുതി വിധേയമാകുന്നില്ലെന്നും രാജ്യത്ത് സ്വർണ്ണക്കള്ളക്കടത്ത് നടക്കുന്ന സംസ്ഥാനങ്ങളിൽ കേരളം മുൻപന്തിയിലാണെന്നുമുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഇന്റലിജൻസിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് സർക്കാരോ നികുതി വകുപ്പോ പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്വർണ്ണാഭരണ നിർമ്മാണശാലകളുള്ളതും നികുതി വിധേയമല്ലാത്ത കച്ചവടങ്ങൾ വ്യാപകമാണെന്ന ആക്ഷേപമുള്ളതുമായ തൃശ്ശൂർ ജില്ല കേന്ദ്രീകരിച്ച് സംസ്ഥാന ജി.എസ്.ടി. വകുപ്പ് എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട് എന്നറിയിക്കാമോ;

(ഡി) സംസ്ഥാനത്തേക്ക് കോയമ്പത്തൂർ വിമാനത്താവളം വഴി വൻതോതിൽ സ്വർണ്ണക്കള്ളക്കടത്ത് നടക്കുന്നുവെന്നും അത് റോഡ്, റെയിൽ മാർഗം തൃശ്ശൂർ എത്തുന്നതായും അവിടെനിന്നും ഈ സ്വർണ്ണം ആഭരണമാക്കി സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലോട്ടും തെക്കൻ ജില്ലകളിലോട്ടും വ്യാപകമായി വിപണനം നടത്തുന്നുവെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഇ) സ്വർണ്ണ മേഖലയിലെ നികുതി വെട്ടിപ്പ് തടയാൻ ഇ-വെയ് ബില്ല് പര്യാപ്തമാണെന്ന അഭിപ്രായം സർക്കാരിനുണ്ടോ; രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബിസിനസ് ആവശ്യത്തിനുള്ള സ്വർണ്ണാഭരണങ്ങളുടെ സംസ്ഥാനാന്തര നീക്കത്തിന് ജി.എസ്.ടി. കൗൺസിൽ അനുമതി നൽകിയിരുന്നോ; എങ്കിൽ എന്ന്; പ്രസ്തുത തീരുമാനത്തിലേക്ക് ജി.എസ്.ടി. കൗൺസിലിനെ നയിച്ചത്

സംസ്ഥാന ധനമന്ത്രിയുടെ നേതൃത്വത്തിലുള്ള ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ ശിപാർശ പ്രകാരമായിരുന്നോ; വ്യക്തമാക്കാമോ;

(എഫ്) ജി.എസ്.ടി. കൗൺസിലിന്റെ അനുമതി അനുസരിച്ചുള്ള ഇ-വെയ് ബിൽ സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള തടസ്സം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## നികുതിവെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ

4373 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിവെട്ടിപ്പ് തടയുന്നതിനും റിട്ടേൺ സമർപ്പിക്കുന്നതിലെ ക്രമക്കേടുകൾ കണ്ടെത്തുവാനും ജി.എസ്.ടി. വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും കണ്ടെത്തിയ നികുതി വെട്ടിപ്പ് തുക എത്രയാണെന്നും ഇതിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് എന്നും ബാക്കിയുള്ള തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം നൽകുമോ?

## ലക്കി ബിൽ പദ്ധതി

4374 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി ചോർച്ച തടയുന്നതിനായി ജി.എസ്.ടി. ബിൽ ചോദിച്ച് വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ലക്കി ബിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പരിഷ്കരിച്ച് കൂടുതൽ ഗുണഭോക്താക്കളിലേക്ക് എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ജി.എസ്.ടി. വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി

4375 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി.വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; എൻഫോഴ്സ്മെന്റ് പരിശോധന കുറഞ്ഞത് സംസ്ഥാനത്തിന്റെ നികുതി വരുമാന വർദ്ധനവിനെ സാരമായി ബാധിച്ചിട്ടുണ്ടോ;

(ബി) എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ അനാവശ്യ സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി വാഹനങ്ങൾ തടഞ്ഞ് പരിശോധന നടത്തി വ്യാപക പണപ്പിരിവ് നടത്തുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിലാണോ വാഹന പരിശോധനകൾ കുറക്കുവാൻ തീരുമാനിച്ചത്; എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനയിലൂടെ വ്യാപകമായ സ്വർണ്ണകള്ളക്കടത്ത് പിടികൂടിയിരുന്നത്

ഇല്ലാതാക്കി കള്ളക്കടത്തുകാരെ സഹായിക്കുവാൻ വേണ്ടിയാണ് ഈ വിഭാഗത്തിന്റെ എണ്ണം കുറച്ചത് എന്ന ആക്ഷേപം ശരിയാണോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ അതിർത്തി ജില്ലകളിൽ പ്രത്യേകിച്ച് പാലക്കാട് കേന്ദ്രീകരിച്ച് അനധികൃതമായി കമ്പി, സിമന്റ്, മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവ ബിൽ ഇല്ലാതെ കടത്തുന്നുണ്ടെന്ന ആക്ഷേപം പരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

## വിവിധ നികുതി നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശിക

4376 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ കാലഹരണപ്പെട്ട നികുതി നിയമങ്ങളിലേതടക്കമുള്ളവയിൽ നിന്നും എത്ര കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ട്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) ഇക്കാര്യത്തിലുള്ള കേസുകളുടെ എണ്ണം എത്ര; ഇവ ഏതൊക്കെ നികുതി നിയമപ്രകാരമുള്ളവയാണെന്ന അറിയിക്കാമോ; ഈയിനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് അറിയിക്കാമോ;

(സി) റവന്യൂ റിക്കവറി നടപടികളിൽ കിടക്കുന്ന കേസുകൾ എത്ര; ഈയിനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് അറിയിക്കാമോ; ജില്ല തിരിച്ച് കേസുകളുടെ എണ്ണം നൽകാമോ; ഏത് നികുതി നിയമപ്രകാരം ഉള്ളവയാണവ എന്നറിയിക്കാമോ;

(ഡി) റവന്യൂ റിക്കവറി കേസുകളിൽ എത്രയെണ്ണം തുക ഈടാക്കുന്നതിനായി റവന്യൂവകുപ്പിന് കൈമാറിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം നൽകാമോ; ഈ ഇനത്തിലുള്ള കേസുകളുടെ എണ്ണം എത്ര; ഏത് നികുതി നിയമപ്രകാരം ഉള്ളവയാണവ; ഈ ഇനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് അറിയിക്കാമോ; ഇതിൽ സ്റ്റേയിലുള്ളതും അല്ലാത്തതും വേർതിരിച്ച് ലഭ്യമാക്കാമോ?

## എക്സാലോജിക് ഈടാക്കിയ ഐ.ജി.എസ്.ടി. നികുതിക്ക് സി.എം.ആർ.എൽ. എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്

4377 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗളൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എക്സാലോജിക് സൊല്യൂഷൻസ് ഇല്ലാത്ത സേവനങ്ങളുടെ പേരിൽ കൊച്ചിയിലുള്ള സി.എം.ആർ.എൽ. കമ്പനിയിൽ നിന്നും പണം കൈപ്പറ്റുകയും പ്രസ്തുത പണത്തിന് ആനുപാതികമായി എക്സാലോജിക് ഈടാക്കിയ ഐ.ജി.എസ്.ടി. നികുതിക്ക് സി.എം.ആർ.എൽ. എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നിയമവിരുദ്ധമാണെന്നും അത് പലിശ സഹിതം തിരികെ പിടിക്കേണ്ടതാണെന്നും ചൂണ്ടിക്കാട്ടി സംസ്ഥാനനികുതി വകുപ്പിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ നികുതി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ഐ.ജി.എസ്.ടി. വരുമാനം

4378 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എസ്.എസ്.ഒ. സാമ്പിൾ സർവ്വേ പ്രകാരം രാജ്യത്ത് ഏറ്റവും കൂടുതൽ ചരക്ക് സേവനം ഉപയോഗിക്കുന്ന സംസ്ഥാനം കേരളമാണോയെന്ന് വ്യക്തമാക്കുമോ; ജി.എസ്.ടി. നടപ്പാക്കിയതിന് ശേഷം നാളിതുവരെയുള്ള ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; ഐ.ജി.എസ്.ടി. വരുമാനത്തിൽ മേൽപ്പറഞ്ഞ ഓരോ സാമ്പത്തിക വർഷവും രാജ്യത്ത് കേരളത്തിന്റെ സ്ഥാനം വ്യക്തമാക്കുമോ;

(ബി) എൺപത് ശതമാനത്തോളം ഉല്പന്നങ്ങളും അന്യസംസ്ഥാനത്ത് നിന്നോ വിദേശത്തുനിന്നോ എത്തുന്ന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ആയതിന് ആനുപാതികമായി ഐ.ജി.എസ്.ടി. വരുമാനം ലഭിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ബാറ്ററി വിൽപനയുടെ ജി.എസ്.ടി. നിരക്ക്

4379 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാറ്ററി വിൽപനയുടെ ജി.എസ്.ടി. നിരക്ക് ഏറ്റവും ഉയർന്ന ഇരുപത്തിയെട്ട് ശതമാനം ആണെന്നിരിക്കെ ബാറ്ററി നിർമ്മാതാക്കളും ഇടനില കച്ചവടക്കാരും ഉപഭോക്താക്കളെ ചൂഷണം ചെയ്ത് ഉയർന്ന ജി.എസ്.ടി. നിരക്ക് വാങ്ങുന്നത് സംസ്ഥാന നികുതി വകുപ്പ് പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) ബാറ്ററിയുടെ എം.ആർ.പി.-യിൽ ഉയർന്ന വില കാണിക്കുകയും പഴയ സ്ക്രാപ്പ് ബാറ്ററി തിരികെ വാങ്ങുമ്പോൾ ബില്ല് നൽകുന്നത് പഴയ ബാറ്ററിയുടെ വില കുറച്ച് ആയതിന് നികുതി ഈടാക്കുകയും ചെയ്യുന്ന രീതി സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എം.ആർ.പി. നിരക്ക് അനിയന്ത്രിതമായി രേഖപ്പെടുത്തുന്ന / ഈടാക്കുന്ന കമ്പനികൾക്കും കച്ചവടക്കാർക്കെതിരെയും ആന്റി പ്രോഫിറ്ററി ആക്ട് അനുസരിച്ചുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

## ചരക്ക് സേവന നികുതി വകുപ്പിൽ ആഡിറ്റ്

4380 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ പുതുതായി തുടങ്ങിയ ആഡിറ്റ് വിങ്ങിന് ആഡിറ്റ് നടത്താനായി സംസ്ഥാനം ഏതെങ്കിലും മാനുവൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ സംസ്ഥാന ജി.എസ്.റ്റി. ആഡിറ്റ് വിങ്ങ് ഏത് മാനുവൽ അനുസരിച്ചാണ് ആഡിറ്റ് നടത്തുന്നത്; ആഡിറ്റ് വിങ്ങിലെ ഉദ്യോഗസ്ഥർക്ക് ജി.എസ്.റ്റി. ആക്ട് 70-ാം വകുപ്പ് അനുസരിച്ച് വിവരശേഖരണത്തിന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ?

## പെട്രോൾ ഡീസൽ അധിക സെസ്സ് പിൻവലിക്കുവാൻ നടപടി

4381 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും സംസ്ഥാന സർക്കാർ അധിക സെസ്സ് ഏർപ്പെടുത്തിയതിലൂടെ നാളിതുവരെ സർക്കാരിന് എത്ര രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അധിക സെസ്സ് ഏർപ്പെടുത്തിയതിലൂടെ സർക്കാർ എന്താണ് ലക്ഷ്യം വച്ചിരുന്നതെന്നും പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത അധിക സെസ്സ് പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

**<u>കേരള പൊതുവില്പന നികുതി നിയമ പ്രകാരം ബാർ ഹോട്ടലുകൾക്കുള്ള നികുതി</u>**

4382 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ കേരള പൊതുവില്പന നികുതി നിയമം വകുപ്പ് 10 പ്രകാരം നികുതി അടയ്ക്കുന്നവ എത്രയെണ്ണമുണ്ടെന്നും, ബാർ ഹോട്ടലുകളിലെ വില്പന പരിശോധിക്കുവാൻ നികുതി വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ തയ്യാറാകുമോയെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത വകുപ്പ് പ്രകാരം നികുതി ഒടുക്കാത്ത ബാറുകളിൽ നിർബന്ധിത പരിശോധന നടത്തി യഥാർഥ ലാഭ ശതമാനം ടേൺ ഓവർ ടാക്സിന് വിധേയമാക്കുന്ന നയം സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

**<u>കൊണ്ടോട്ടി സബ്ട്രഷറി നവീകരണം</u>**

4383 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന ട്രഷറിയിൽ കൂടുതൽ തസ്തികകൾ അനുവദിക്കുമോ; പ്രസ്തുത ട്രഷറി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>സംസ്ഥാനത്തെ ട്രഷറികളിൽ നിന്നുള്ള പണാപഹരണം</u>**

4384 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-മുതൽ സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നടന്ന തട്ടിപ്പുകളുടെയും ക്രമക്കേടുകളുടെയും വിശദവിവരം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നടന്നിട്ടുള്ള ക്രമക്കേടുകളും തട്ടിപ്പുകളുമായി ബന്ധപ്പെട്ട് വകുപ്പുതല നടപടിക്ക് വിധേയരായ ജീവനക്കാരുടെ വിശദാംശവും

അവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ;

(സി) ട്രഷറികളിൽ നടന്ന തട്ടിപ്പുകളും സാമ്പത്തിക ക്രമക്കേടുകളും മൂലം സർക്കാരിന് ധനനഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത തട്ടിപ്പുകളും സാമ്പത്തിക ക്രമക്കേടുകളും കാരണം നിക്ഷേപകർക്കോ മറ്റ് വ്യക്തികൾക്കോ ധനനഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഇ) ട്രഷറി ജീവനക്കാർ നടത്തിയതായ പണാപഹരണ കേസുകളിൽ അപഹരിപ്പെട്ടതായ തുക പ്രസ്തുത ജീവനക്കാരിൽ നിന്നും തിരിച്ചുപിടിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(എഫ്) സംസ്ഥാനത്തെ ട്രഷറികളിൽ ഓൺലൈൻ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

## വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ്

4385 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മാർച്ച് 31-ന് സംസ്ഥാന ട്രഷറിയുടെ വെയ്സ് ആൻഡ് മീൻസ്-ന്റെ അവസ്ഥ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ട്രഷറി എത്ര ദിവസം വെയ്സ് ആൻഡ് മീൻസ് അഡ്വാൻസിലായിരുന്നുവെന്നും എത്ര ദിവസം ഓവർ ഡ്രാഫ്റ്റിലായിരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) വിവിധ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ ഭാഗമായി കരാറുകാർക്ക് 2024 ജൂൺ 30 വരെ കൊടുത്ത് തീർക്കാനുള്ള തുക എത്രയാണെന്ന കണക്ക് ലഭ്യമാക്കുമോ?

## ട്രഷറി സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

4386 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം സബ് ട്രഷറിയിൽ ജീവനക്കാർ വ്യാജ ചെക്കുകൾ ഉപയോഗിച്ച് പതിനെട്ട് ലക്ഷത്തോളം രൂപ തട്ടിയെടുത്ത സംഭവത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മറ്റു ട്രഷറികളിൽ സമാനമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്ന് അന്വേഷണം നടത്തുമോ;

(ബി) ട്രഷറി സംവിധാനത്തിന്റെ വിശ്വാസ്യത ഇല്ലാതാക്കുന്ന ഇത്തരം സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിന്റെ അടിസ്ഥാനത്തിൽ ട്രഷറി സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാൻ നടപ്പിലാക്കിയ പദ്ധതികൾ ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**കേരള ലോട്ടറിയുടെ സബ് ഓഫീസ്**

4387 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ കേരള ലോട്ടറിയുടെ സബ് ഓഫീസ് തുടങ്ങുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസ് സമയബന്ധിതമായി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**വ്യാജ ലോട്ടറി ടിക്കറ്റ് വിൽപ്പന തടയുന്നതിന് നടപടി**

4388 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി വ്യാജലോട്ടറി ടിക്കറ്റ് വിറ്റഴിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വ്യാജലോട്ടറി വിൽപ്പന സംബന്ധിച്ച് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും സമ്മാനാർഹമായ ടിക്കറ്റുകൾക്ക് പകരം വ്യാജ ടിക്കറ്റ് ഹാജരാക്കിയത് സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ടിക്കറ്റുകൾ പരിശോധിച്ച് വ്യാജമല്ല എന്ന് ഉറപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ സമ്മാനത്തുകയുടെ വിതരണം നീണ്ടുപോവുകയും ലോട്ടറി കച്ചവടത്തെ ഇത് സാരമായി ബാധിക്കുകയും ചെയ്യുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**കാരുണ്യ ലോട്ടറിയിലൂടെ ലഭിച്ച തുകയുടെ വിശദാംശം**

4389 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കാരുണ്യ ലോട്ടറിയിലൂടെ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത തുക എന്താവശ്യത്തിനാണ് വിനിയോഗിക്കുന്നതെന്നും വിനിയോഗിച്ച തുക എത്രയെന്നും വർഷം തിരിച്ച് വിശദമാക്കാമോ?

**സെൻറർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയുടെ ഓഡിറ്റ്**

4390 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 20.02.2009-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 67/2009/ഉന്നത വിദ്യാഭ്യാസം പ്രകാരം സെൻറർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയുടെ (സി.സി.ഇ.കെ.) ഓഡിറ്റിന് ചുമതലപ്പെടുത്തിയിരുന്ന സംസ്ഥാന ഓഡിറ്റ് വകുപ്പ് സി.സി.ഇ.കെ.യുടെ ഏത് സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റാണ് പൂർത്തിയാക്കിയത്; വ്യക്തമാക്കാമോ;

(ബി) ഏത് സാമ്പത്തിക വർഷം വരെയുള്ള കണക്കുകളാണ് സി.സി.ഇ.കെ. ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്; അറിയിക്കാമോ;

(സി) സി.സി.ഇ.കെ.യുടെ വാർഷിക കണക്കുകൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് നിർവ്വഹിക്കുന്നതിനും സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## <u>കെ.എസ്.എഫ്.ഇ. നിക്ഷേപങ്ങൾക്ക് നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ</u>

4391 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവരുടെ നിക്ഷേപങ്ങൾക്ക് കെ.എസ്.എഫ്.ഇ. നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ;

(ബി) മുതിർന്ന പൗരന്മാർ, സ്ത്രീകൾ എന്നിവരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) കുട്ടികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിന് കെ.എസ്.എഫ്.ഇ. എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്</u>

4392 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് എന്നാണ് സ്ഥാപിതമായത്; ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) എസ്.എൽ.ഐ. അംഗത്വമെടുക്കുന്നതുകൊണ്ട് ഒരു സർക്കാർ ജീവനക്കാരന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സംസ്ഥാന ലൈഫ് ഇൻഷുറൻസ് വകുപ്പിൽ പൂർണമായും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ജീവനക്കാരൻ റിട്ടയർ ചെയ്യുന്ന സമയത്ത് തന്റെ എസ്.എൽ.ഐ. പാസ്ബുക്ക്/ പോളിസി സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയാണെങ്കിൽ ജീവനക്കാരൻ അടച്ച തുക തിരികെ ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത്; വ്യക്തമാക്കാമോ?

## <u>ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം</u>

4393 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന് കീഴിലുള്ള ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം നിലവിൽ വന്നത് എന്നാണ് ; ആയത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം അംഗത്വമെടുക്കുന്നതുകൊണ്ട് ഒരു സർക്കാർ ജീവനക്കാരന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ജി.ഐ.എസ്. പൂർണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ; എങ്കിൽ ജീവനക്കാർ അടച്ച തുകയുടെ വിവരങ്ങൾ പ്രിന്റ് ഔട്ട് രൂപത്തിൽ ലഭിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ജീവനക്കാരൻ റിട്ടയർ ചെയ്യുന്ന സമയത്തു തന്റെ ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം പാസ്ബുക്ക്/സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയാണെങ്കിൽ ജീവനക്കാരൻ അടച്ച തുക തിരികെ ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത്; വ്യക്തമാക്കാമോ;

(ഇ) സംസ്ഥാന ഇൻഷുറൻസ് വകുപ്പ് പൊതുജനങ്ങൾക്ക് സേവനങ്ങൾ എന്തെങ്കിലും നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും സർക്കാർ ജീവനക്കാർക്ക് ഏതൊക്കെ തരത്തിലുള്ള ഇൻഷുറൻസ് പരിരക്ഷയാണ് ലഭ്യമാക്കുന്നത്; സർക്കാർ ജീവനക്കാർക്ക് നൽകുന്ന ഇൻഷുറൻസിന് പുറമേ സർക്കാർ കെട്ടിടങ്ങൾക്കും വാഹനങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## മെഡിസെപ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി

4394 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ നൽകുന്നതിനും അവ പരിഹരിക്കുന്നതിനും ജില്ലകളിൽ ഓഫീസ് സംവിധാനം നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വിലാസവും ഫോൺ നമ്പറും സഹിതം അറിയിക്കാമോ;

(ബി) മെഡിസെപിൽ കൂടുതൽ ആശുപത്രികളെയും സേവനങ്ങളെയും ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) സർക്കാർ ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും 500 രൂപ പ്രതിമാസം ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## മെഡിസെപ് പദ്ധതിയിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്താൻ നടപടി

4395 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി ശാന്തകുമാരി കെ.**

**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) ഇതുവരെ മെഡിസെപുമായി ബന്ധപ്പെട്ട് എത്ര ക്ലെയിമുകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര ക്ലെയിമുകൾ അംഗീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും സർക്കാർ പണം എടുക്കുന്നുവെന്ന വസ്തുതാവിരുദ്ധമായ പ്രസ്താവനകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) മെഡിസെപ് പദ്ധതിയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>മെഡിസെപ് പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യാൻ നടപടി</u>

4396 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിനും പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## <u>മെഡിസെപ് പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയ സ്വകാര്യ ആശുപത്രികൾ</u>

4397 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ പുതുതായി സ്വകാര്യ ആശുപത്രികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രികളുടെ വിശദാംശം നൽകാമോ?

## <u>കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ</u>

4398 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം അനിൽ അംബാനിയുടെ കമ്പനിയിൽ പണം നിക്ഷേപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത തുക നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

4399 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണത്തിന് സംയോജിത വികസന പിന്തുണ സൃഷ്ടിക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത സ്ഥാപനത്തിന് അഭൂതപൂർവ്വമായ വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംരംഭകർക്കാവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ കൺസൾട്ടൻസി സേവനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

4400 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അനിൽ അംബാനിയുടെ സ്ഥാപനത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനം അംബാനി കമ്പനിയിൽ എത്ര രൂപ, എത്ര പലിശ നിരക്കിൽ നിക്ഷേപിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനം അംബാനി കമ്പനിയിൽ നിക്ഷേപിച്ചതിൽ എത്ര തുക തിരികെ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

## സാക്ഷികൾക്ക് സംരക്ഷണം നൽകുന്നതിനുള്ള നിയമ നിർമ്മാണം

4401 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷികൾക്ക് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾ നിയമനിർമ്മാണം നടത്തണമെന്ന 2018-ലെ ബഹു.സുപ്രീം കോടതിയുടെ വിധി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നിയമനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) സാക്ഷികൾക്ക് സംരക്ഷണം നൽകുന്ന തരത്തിൽ ഏതെങ്കിലും നിയമം സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ നോട്ടറി അഭിഭാഷകർ

4402 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സർക്കാർ അംഗീകരിച്ച എത്ര നോട്ടറി അഭിഭാഷകർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ 2016 ന് ശേഷം എത്ര അഭിഭാഷകർക്ക് നോട്ടറി അംഗീകാരം നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(സി) നിലവിൽ പ്രസ്തുത ജില്ലയിൽ നോട്ടറി പദവി ലഭിക്കുന്നതിനായി ഒഴിവുകളുണ്ടോ എന്ന് അറിയിക്കാമോ?

## അഭിഭാഷക ക്ഷേമനിധി

4403 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭിഭാഷക ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; ഈ ക്ഷേമനിധിയിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ നിന്ന് നിലവിൽ അനുവദിച്ച് വരുന്ന തുക പത്ത് ലക്ഷം രൂപയെന്നത് കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഈ തുക ഇരുപത് ലക്ഷം രൂപയായി ഉയർത്തുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## കാസർകോഡ് വിവേഴ്സ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ഷൻ ആന്റ് സെയിൽ സൊസൈറ്റി

4404 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് വിവേഴ്സ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ഷൻ ആന്റ് സെയിൽ സൊസൈറ്റി ലിമിറ്റഡ് സ്ഥാപിച്ചതെപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സൊസൈറ്റിയിൽ എത്ര തൊഴിലാളികളുണ്ടെന്നും അവർക്കു ലഭിക്കുന്ന വേതനം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ സൊസൈറ്റിയുടെ ഉല്പന്നങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭൗമസൂചിക പദവി ലഭിച്ച കാസർകോഡ് സാരി ഈ സൊസൈറ്റിയുടെ ഉല്പന്നമാണോ ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ വിപണിയെക്കുറിച്ച് വിശദമാക്കുമോ; കാസർകോഡ് സാരിയുടെ വിപണി കൂടുതൽ ജനങ്ങളിലെത്തിക്കാൻ ഇതുവരെ ചെയ്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) നടപ്പ് ബജറ്റിൽ സൊസൈറ്റിക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ആരുടെ നിർദ്ദേശമാണിക്കാര്യത്തിൽ ഉണ്ടായിരുന്നതെന്നും എത്ര തുകയാണ് വകയിരുത്തിയതെന്നും ഇത് ഏതെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

## കൈത്തറി സഹകരണ സംഘങ്ങൾ

4405 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. രജിസ്ട്രേഷനുള്ള കൈത്തറി സഹകരണ സംഘങ്ങൾ സർക്കാരിന് യൂണിഫോം നൽകിയതിന്റെ ഭാഗമായി നൽകാനുള്ള പതിനെട്ട് ശതമാനം ജി.എസ്.ടി. തുക സംഘങ്ങൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കേരള ഓട്ടോമൊബൈൽ ലിമിറ്റഡ്

4406 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്-ൽ നിന്നും 2016 മുതൽ വിരമിച്ച ജീവനക്കാർക്ക് പി.എഫ്., ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിൽ കുടിശികയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്ഥാപനത്തിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നൽകാൻ കുടിശികയുണ്ടെന്ന് വിശദമാക്കുമോ;

(സി) എന്തുകൊണ്ടാണ് പ്രസ്തുത ആനുകൂല്യങ്ങൾ നൽകാത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) ആനുലകൂല്യങ്ങൾ ലഭിക്കാത്ത ജീവനക്കാർക്ക് അവ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ആനുകൂല്യങ്ങൾ എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കുമോ?

## സംസ്ഥാനത്തെ പൊതു മേഖലാ സ്ഥാപനങ്ങൾ

4407 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ നിന്നും ലാഭത്തിലായെന്നും എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ നിന്ന് നഷ്ടത്തിലായെന്നും ഇവ ഏതെല്ലാമെന്നും വിശദമാക്കുമോ?

## വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

4408 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയിൽ 2021, 2022, 2023 എന്നീ കാലയളവിൽ ലാഭത്തിൽ പ്രവർത്തിച്ച് വരുന്നതും നിലവിൽ ലാഭത്തിലായതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) മുൻ വർഷങ്ങളെ അപേക്ഷിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിലാണോ പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ /നഷ്ട കണക്ക്

4409 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങളിൽ ഓരോന്നും ഓരോ സാമ്പത്തിക വർഷങ്ങളിലും ഉണ്ടാക്കിയ ലാഭ /നഷ്ട കണക്കുകൾ വിശദമാക്കാമോ?

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം

4410 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് സ്വകാര്യവത്ക്കരിക്കാതെ സംസ്ഥാനത്തിന് വിട്ടുനൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ;

(ബി) പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ?

## വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങൾ

4411 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഏതെങ്കിലും സ്ഥാപനം അടച്ചുപൂട്ടിയിട്ടുണ്ടോ; അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) 2023-24-ലെ സി. ആൻഡ് എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ ലാഭത്തിലുള്ളവ ഏതെല്ലാമാണെന്നും അവയുടെ ലാഭം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ നഷ്ടത്തിലുള്ളവ ഏതെല്ലാമാണെന്നും അവയുടെ നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) ജീവനക്കാരുടെ ശമ്പളം കുടിശികയാക്കിയിട്ടുള്ള പൊതുമേഖല സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര മാസത്തെ ശമ്പളം കുടിശികയാണെന്നുമുള്ള വിവരം സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

## ക്ലസ്റ്റർ വികസന പരിപാടി

4412 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാന മേഖലകളിലെ വ്യവസായ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി നടപ്പാക്കുന്ന ക്ലസ്റ്റർ വികസന പരിപാടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഏതൊക്കെ മേഖലകളിൽ ക്ലസ്റ്ററുകൾ രൂപീകരിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

## നിക്ഷേപക സൗഹൃദ സംഗമങ്ങൾ

4413 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനായി 2001 വർഷം മുതൽ ഇതുവരെയായി എത്ര നിക്ഷേപക സംഗമങ്ങൾ നടത്തിയിട്ടുണ്ട്; അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ നിക്ഷേപക സംഗമത്തിനുമായി എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ;

(സി) ഓരോ നിക്ഷേപക സംഗമത്തിന്റെയും ഫലമായി എത്ര തുകയുടെ നിക്ഷേപവും എത്ര പേർക്ക് തൊഴിലും ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നിക്ഷേപക സംഗമങ്ങൾ സംസ്ഥാനത്തിന് ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## വ്യവസായങ്ങൾ ലാഭകരമായി പ്രവൃത്തിക്കുന്നതിന് സഹായം

4414 **ശ്രീമതി കാനത്തിൽ ജമീല** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ വ്യവസായങ്ങൾ ലാഭകരമാകത്തക്കവിധം സഹായകരമായ രീതിയിൽ പ്രവർത്തിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം പുതിയ വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## സ്ക്രാപ് ബാറ്ററി പുനരുപയോഗയോഗ്യമാക്കൽ

4415 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ക്രാപ് ബാറ്ററി പുനരുപയോഗയോഗ്യമാക്കുന്ന വ്യവസായ സ്ഥാപനങ്ങൾ നിലവിലുണ്ടോ; എങ്കിൽ സ്ഥാപനങ്ങളുടെ പേരും സ്ഥലവും ലഭ്യമാക്കാമോ?

**<u>മണലൂർ മണ്ഡലത്തിലെ പുതിയ വ്യവസായ സംരംഭങ്ങൾ</u>**

4416 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സംരംഭകർക്കായി വ്യവസായ വകുപ്പ് എന്തെല്ലാം വായ്പാ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വായ്പാ തുക, പലിശ നിരക്ക്, സബ്സിഡി എന്നിവ എപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ; വായ്പ ലഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു; ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി; വിശദാംശം അറിയിക്കാമോ?

**<u>നൂതന വ്യവസായങ്ങളുടെ സമഗ്ര പുരോഗതി</u>**

4417 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നൂതന വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുന്നതിനു നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണ മേഖലയിൽ നേടിയെടുത്ത പുരോഗതി വിശമാക്കുമോ;

(സി) ഈ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശമാക്കുമോ;

(ഡി) നൂതന വ്യവസായങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

**<u>സംരംഭക വർഷം പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ</u>**

4418 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനായി പുതിയ ദിശാബോധത്തോടെ സംരംഭകത്വ വികസന പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംരംഭക വർഷം പദ്ധതിയിലൂടെ തുടർച്ചയായ രണ്ടാം വർഷവും ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ മേഖലയുടെ വികസനത്തിനായി സർക്കാർ 'മിഷൻ 1000പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രാദേശിക വ്യാവസായിക ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും ഓരോ പഞ്ചായത്തും ഒന്നോ രണ്ടോ ഉൽപ്പന്നങ്ങളിൽ കേന്ദ്രീകരിച്ച് സംഘടിതമായി അസംസ്കൃത വസ്തുക്കൾ സംസ്കരിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## നിക്ഷേപ സൗഹൃദ റാങ്കിംഗിൽ കേരളത്തിന്റെ സ്ഥാനം

4419 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇന്ത്യയിൽ നിക്ഷേപ സൗഹൃദ റാങ്കിംഗിൽ കേരളത്തിന്റെ സ്ഥാനം എത്രയായിരുന്നുവെന്നും 5 വർഷം കൊണ്ട് ഇതിൽ എത്രത്തോളം മുന്നേറ്റമുണ്ടാക്കാൻ സാധിച്ചുവെന്നും അറിയിക്കാമോ;

(ബി) 2021-ൽ ഈ സർക്കാർ അധികാരമേൽക്കുമ്പോൾ പ്രസ്തുത റാങ്ക് എത്രയായിരുന്നുവെന്നും ഇപ്പോൾ റാങ്ക് എത്രയാണെന്നും അറിയിക്കുമോ;

(സി) ഇക്കാലയളവിൽ കേരളത്തിൽ നിക്ഷേപം നടത്താൻ തയ്യാറായ പുതിയ പ്രധാന കമ്പനികളും അവയുടെ നിക്ഷേപത്തുക എത്ര എന്നും ഇതുവഴി എത്ര പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട് എന്നും വിശദമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ നവീകരണം

4420 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ കുന്താണി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും, മേപ്പൂക്കട മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ?

## അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

4421 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എത്ര പ്ലോട്ടുകൾ ഒഴിവുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റേറ്റിൽ മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) എസ്റ്റേറ്റിൽ പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടി സ്ഥലം നീക്കിവച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ ഉള്ള ഭൂമി എത്രയെന്നും എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും വിശദമാക്കാമോ?

## <u>കഞ്ചിക്കോട് വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം</u>

4422 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഇതിനായി അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>മണലൂർ മണ്ഡലത്തിലെ വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണം</u>

4423 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ എത്ര വ്യവസായ എസ്റ്റേറ്റുകളാണുള്ളതെന്നും അവയിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ബി) ഈ വ്യവസായ എസ്റ്റേറ്റുകളിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; വിശദാംശം നൽകാമോ;

(സി) ഇവയുടെ വിപുലീകരണത്തിന് തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## <u>സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ</u>

4424 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയെന്നും അവ ഏതെല്ലാമെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കോട്ടയം, ആലപ്പുഴ ജില്ലകളിൽ നിന്ന് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം അനുവദിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) കോട്ടയം, ആലപ്പുഴ ജില്ലകളിൽ നാളിതുവരെയും അനുമതി നൽകാത്തതോ, നിരസിച്ചതോ ആയ എത്ര അപേക്ഷകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും അനുമതി നൽകാത്തതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

## <u>പുതുവൈപ്പിൻ മെഗാ ഫുഡ് പാർക്ക്</u>

4425 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിൻ മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി നിർമ്മാണം ആരംഭിച്ചതും നിലവിൽ നിർമ്മാണം നിലച്ചിരിക്കുന്നതുമായ പ്രാഥമിക മത്സ്യ സംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രാഥമിക മത്സ്യ സംസ്കരണ പ്ലാന്റ് എന്നത്തേയ്ക്ക് പ്രവൃത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്ലാന്റിന്റെ ഭാഗമായി മുനമ്പത്ത് നിർദ്ദേശിക്കപ്പെട്ട ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ്, ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനായി വകയിരുത്തിയ തുക ലാപ്സായിട്ടുണ്ടോ; എങ്കിൽ ലാപ്സാകാനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ലാപ്സായില്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## പുതിയ വ്യവസായ സംരംഭകർക്ക് നൽകുന്ന സേവനങ്ങൾ

4426 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭകർക്ക് നൽകിയിട്ടുള്ള സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച വൻകിട വ്യവസായങ്ങൾ ഏതെല്ലാമാണ്; അവയുടെ വിശദാംശം ലഭ്യമാക്കുമോ?

## അമ്പലമുകൾ പെട്രോ കെമിക്കൽ പാർക്ക്

4427 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ അമ്പലമുകൾ പെട്രോ കെമിക്കൽ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) പെട്രോ കെമിക്കൽ പാർക്കിൽ അനുവദിച്ച യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## തിരുവമ്പാടി മണ്ഡലത്തിലെ സംരംഭങ്ങൾ

4428 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷത്തിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ തിരുവമ്പാടി മണ്ഡലത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്ത

സംരംഭങ്ങളുടെ വിശദാംശം വർഷം, പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ വഴി മണ്ഡലത്തിൽ എത്ര തൊഴിലവസരം സൃഷ്ടിച്ചുവെന്നും എത്ര നിക്ഷേപം ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

## ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം പദ്ധതി

4429 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം (ഒ.എൽ.ഒ.പി.) പദ്ധതി വഴി സംസ്ഥാനത്ത് എത്ര സംരംഭങ്ങൾ തുടങ്ങിയെന്ന് വ്യക്തമാക്കാമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങൾ

4430 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിക്ഷേപം സൃഷ്ടിക്കാൻ സാധിച്ചുവെന്നു വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര സംരംഭങ്ങൾ ആരംഭിക്കാനും അതുവഴി എത്ര കോടി രൂപയുടെ നിക്ഷേപവും തൊഴിലവസരങ്ങളുമാണ് സൃഷ്ടിക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ?

## ചാവക്കാട് പ്രവാസി വ്യവസായ പാർക്ക്

4431 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾ ധാരാളമുള്ള ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് പ്രവാസി വ്യവസായ പാർക്ക് പദ്ധതി നടപ്പിലാക്കുമോ എന്ന് അറിയിക്കാമോ;

(ബി) പ്രവാസികൾ ധാരാളം അധിവസിക്കുന്ന ഗുരുവായൂർ മണ്ഡലത്തിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; മണ്ഡലത്തിലെ തീരപ്രദേശത്തുള്ള ഏക്കർ കണക്കിന് റവന്യൂ പുറംപോക്ക് ഭൂമി പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമനം

4432 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് മുഖേന വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമിക്കുന്ന എം.ഡി. മാരുടെ കാലാവധി എത്രയാണെന്ന് വിശദമാക്കുമോ;

(ബി) നാലു വർഷമോ അതിൽ അധികമോ കാലം എം.ഡി.മാരായി തുടരുന്നവർ എത്ര പേർ ഉണ്ടെന്നും അവർ ഏതെല്ലാം സ്ഥാപനങ്ങളിലാണെന്നും വിശദമാക്കുമോ;

(സി) മേൽപ്പറഞ്ഞ എം.ഡി.മാർ കെ.പി.ഇ.എസ്.ആർ.ബി വഴി നിയമിതരായവരാണോ എന്നും വിശദമാക്കുമോ;

(ഡി) ഏതെങ്കിലും പൊതു മേഖലാ സ്ഥാപനത്തിന്റെ എം.ഡിക്കെതിരെ അതേ സ്ഥാപനത്തിന്റെ ചെയർമാൻ പരാതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) എങ്കിൽ പ്രസ്തുത പരാതിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

## സിഡ്കോയുടെ പ്രവർത്തനലാഭം

4433 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയ്ക്ക് നിലവിൽ ആകെ എത്ര ഓഫീസ്/യൂണിറ്റുകൾ ഉണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും ഓരോ യൂണിറ്റിലും നിലവിലെ ജീവനക്കാരുടെ എണ്ണം എത്രയാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) സിഡ്കോയുടെ കഴിഞ്ഞ പ്രവർത്തനവർഷത്തെ ആകെ ലാഭം എത്രയാണെന്നും കഴിഞ്ഞ പ്രവർത്തനവർഷം പ്രവർത്തനലാഭം നേടിയ യൂണിറ്റുകൾ ഏതെല്ലാമാണെന്നും ഓരോ യൂണിറ്റിന്റെയും പ്രവർത്തനലാഭം എത്രയാണെന്നുമുള്ള വിവരം പ്രത്യേകം ലഭ്യമാക്കാമോ;

(സി) സിഡ്കോയുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തനലാഭത്തിൽ ഇന്ത്യൻ റെയിൽവേ സ്ഥലം ഏറ്റെടുത്തതുവഴി ലഭ്യമാക്കിയിട്ടുള്ള നഷ്ടപരിഹാരതുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) സിഡ്കോയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്നവരിൽ ശമ്പളകുടിശിക നൽകാനുള്ള ജീവനക്കാരുടെ വിവരവും അവർക്ക് നൽകേണ്ട ശമ്പളകുടിശികയുടെ വിവരവും ലഭ്യമാക്കാമോ;

(ഇ) സിഡ്കോയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്നവരുടെ ഇ.പി.എഫ്.- ൽ അടയ്ക്കേണ്ട വിഹിതത്തിൽ കുടിശികയുണ്ടോയെന്നും എത്ര മാസത്തെ കുടിശികയുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(എഫ്) സിഡ്കോയിൽ നിന്ന് വിരമിച്ച ജീവനക്കാരിൽ എത്രപേർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകാനുണ്ടെന്നും എത്ര തുകയാണ് വിരമിക്കൽ ആനുകൂല്യമായി ഇനി കൊടുത്തുതീർക്കാനുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ജി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ബിൽഡിംഗിൽ പ്രവർത്തിക്കുന്ന സിഡ്കോയുടെ ഹെഡ് ഓഫീസിന്റെ വാടക കുടിശികയുണ്ടെങ്കിൽ അത് എത്ര മാസത്തേതാണെന്നും അടയ്ക്കേണ്ട ആകെ തുക എത്രയാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ

4434 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കാരോട്, കുളത്തൂർ, ചെങ്കൽ, തിരുപുറം, അതിയന്നൂർ പഞ്ചായത്തുകളിലും നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്തുമായി 2020-21, 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് ആരംഭിച്ചതെന്ന് വിശദമാക്കാമോ;

(ബി) ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളുടെ പേരുവിവരവും പഞ്ചായത്തും വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിൽ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി

4435 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം (ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ) പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾ, നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ, അനുവദിച്ച ബാങ്ക് വായ്പയുടെ വിവരങ്ങൾ എന്നീ വിശദാംശം പഞ്ചായത്ത്, വർഷം അടിസ്ഥാനത്തിൽ ഇനം തിരിച്ച് നൽകാമോ?

## അരുവിക്കര മണ്ഡലത്തിലെ സൂക്ഷ്മ - ചെറുകിട സംരംഭങ്ങൾ

4436 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംരംഭക വർഷം-1, 2023-2024 സംരംഭക വർഷം-2 -എന്നിവയുടെ ഭാഗമായി അരുവിക്കര മണ്ഡലത്തിൽ ആരംഭിച്ച സൂക്ഷ്മ - ചെറുകിട സംരംഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ;

(ബി) എത്ര തൊഴിലവസരങ്ങളാണ് ഇതിലൂടെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതായി കണക്കാക്കിയിരിക്കുന്നത് എന്ന് വിശദമാക്കുമോ?

## ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം

4437 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക സഹായത്തിന്റെ വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ഓരോ ജില്ലയിലും അനുവദിച്ച തുക എത്രയാണെന്നും ഓരോ ജില്ലയിലും എത്ര വീതം സംരംഭങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) എത്ര തുകയാണ് അനുവദിക്കാൻ ബാക്കിയുള്ളതെന്നും ഇത് എത്ര സംരംഭങ്ങൾക്കാണെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## എം.എസ്.എം.ഇ. വിഭാഗത്തിൽ ആരംഭിക്കപ്പെട്ട സംരംഭങ്ങൾ

4438 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എം.എസ്.എം.ഇ. വിഭാഗത്തിൽ ആരംഭിക്കപ്പെട്ട സംരംഭങ്ങളുടെ എണ്ണവും ഉണ്ടായ നിക്ഷേപവും സൃഷ്ടിക്കപ്പെട്ട തൊഴിലുകളുടെ എണ്ണവും സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ വന്ന ശേഷം ആരംഭിക്കപ്പെട്ട എം.എസ്.എം.ഇ. കളിൽ എത്ര സ്ത്രീ സംരംഭകരാണ് ഉള്ളത്; വ്യക്തമാക്കാമോ;

(സി) എം.എസ്.എം.ഇ. മേഖലയിൽ ഉണ്ടായ വളർച്ച ദേശീയ തലത്തിൽ കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിൽ എത്രത്തോളം സഹായിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിന് കീഴിലുള്ള ഭൂമി

4439 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കിൻഫ്ര വ്യവസായ പാർക്കിന് കീഴിൽ ആകെ എത്ര ഏക്കർ ഭൂമിയാണുള്ളത്; അതിൽ എത്ര ഭൂമി വ്യവസായത്തിനായി വിവിധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്;

(ബി) 2024-25 വർഷത്തെ ബഡ്ജറ്റിൽ ഒറ്റപ്പാലം കിൻഫ്രയ്ക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

## കട്ടിപ്പാറ വ്യവസായ എസ്റ്റേറ്റ്

4440 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിലുള്ള വ്യവസായ വകുപ്പിന്റെ ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു വരെയായെന്ന് വിശദമാക്കാമോ?

## വ്യവസായ പാർക്കുകൾ ആരംഭിയ്ക്കാൻ നടപടി

4441 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ പാർക്കുകൾ ആരംഭിയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ചവറയിലെ കെ.എം.എം.എൽ, ഹിന്ദുസ്ഥാൻ പെട്രോളിയം എന്നീ സ്ഥാപനങ്ങളുടെ കൈയ്യിൽ ഉപയോഗിയ്ക്കാതെ കിടക്കുന്ന ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഹഡ്ഡ് പാർക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

4442 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫുഡ് പാർക്കുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഏതെങ്കിലും മണ്ഡലത്തിൽ ഫുഡ് പാർക്ക് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉദുമ മണ്ഡലത്തിൽ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം സ്കീമുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്?

## <u>കുറ്റ്യാടി നാളികേര പാർക്കിലെ രണ്ടാംഘട്ട പ്രവൃത്തി</u>

4443 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ജനുവരി മാസം കുറ്റ്യാടി നാളികേര പാർക്കിൽ വ്യവസായങ്ങളെ ക്ഷണിക്കുന്നതിന്റെ ഭാഗമായി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ സമയക്രമം വിശദമാക്കാമോ; ലക്ഷ്യം കൈവരിക്കാൻ ഏതാനും മാസം മാത്രം ബാക്കി നിൽക്കെ ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പാർക്കിന്റെ പ്രവൃത്തിക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശം ഫോൺ നമ്പർ സഹിതം നൽകാമോ?

## <u>കൊയിലാണ്ടി മണ്ഡലത്തിലെ വ്യവസായ പാർക്കിലെ സ്ഥാപനങ്ങൾ</u>

4444 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന, സിഡ്കോയുടെ നിയന്ത്രണത്തിലുള്ള വ്യവസായ പാർക്കിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും പ്രവർത്തനം മുന്നോട്ട് കൊണ്ടുപൊകാനാകാതെ നിർത്തലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ നിർത്തലാക്കേണ്ടിവരുന്ന സാഹചര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ശാസ്ത്രീയമായി പരിശോധന നടത്തി കാര്യക്ഷമമായ ഇടപെടൽ നടത്തുമോ എന്നറിയിക്കാമോ?

## <u>സ്വകാര്യ വ്യവസായ പാർക്കുകൾ</u>

4445 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഇതുവരെ എത്ര സ്വകാര്യ വ്യവസായ പാർക്കുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; ഈ സാമ്പത്തിക വർഷം കൂടുതൽ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര എണ്ണം അനുവദിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വർക്കല മണ്ഡലത്തിലെ പുതിയ വ്യവസായ സംരംഭങ്ങൾ

4446 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വർക്കല മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആരംഭിച്ചിട്ടുള്ള പുതിയ വ്യവസായ സംരംഭങ്ങൾ എത്രയാണെന്നും അതുവഴി എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ വകുപ്പ് മുഖേന പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ മിനി ഇൻഡ്രടിയൽ കെട്ടിടം

4447 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പറമ്പിൻ മുകളിൽ പ്രവർത്തിച്ചുവരുന്ന മിനി ഇൻഡസ്ട്രിയൽ കെട്ടിടത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി വ്യവസായസ്ഥാപനങ്ങൾക്ക് ലീസിന് നൽകിയതാണോയെന്നും ഈ ഭൂമി വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണോയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി വ്യവസായ വകുപ്പ് അക്വിസിഷൻ നടത്തിയതാണോയെന്നും ഈ ഭൂമിക്ക് ഗ്രാമപഞ്ചായത്തിന് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ

4448 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ കോതമംഗലം മണ്ഡലത്തിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

## വ്യാവസായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനം

4449 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ഏതെല്ലാം ഏജൻസികൾ പ്രവർത്തിക്കുന്നുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിലൂടെ എത്ര തുകയുടെ നിക്ഷേപം ലഭിച്ചുവെന്നും എത്രപേർക്ക് തൊഴിൽ ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

## വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ നടപടി

4450 **ശ്രീ. ടി. വി. ഇബ്രാഹിം**
**ഡോ. എം. കെ. മുനീർ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ അവ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അവയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>സുസ്ഥിരവ്യവസായ സമ്പ്രദായങ്ങൾക്ക് പ്രോത്സാഹനം</u>

4451 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ലെ വ്യവസായ നയപ്രകാരം സുസ്ഥിരവ്യവസായ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിരുന്നത്; ഇതിൽ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ പലിശയിൽ വായ്പ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ഈയിനത്തിൽ നൽകിയ വായ്പകളുടെ വിവരങ്ങൾ നൽകാമോ;

(സി) ഉല്പന്നങ്ങൾക്ക് കേരള ബ്രാൻഡിൽ വിപണനത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## <u>അരുവിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

4452 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കുമോ;

(ബി) ചെറുകിട വ്യവസായ സംരംഭങ്ങളുടെ വികസനം മുന്നിൽക്കണ്ട് മണ്ഡലത്തിൽ പുതിയതായി ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## <u>സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാഗമായി വ്യവസായ യൂണിറ്റ്</u>

4453 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാഗമായി വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിലെ വിദ്യാർത്ഥികൾക്ക് സാങ്കേതിക പരിശീലനത്തിനുകൂടി ഉതകുംവിധം പോളിടെക്നിക്കിനോട് ചേർന്ന് ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്ന വിഷയം പരിഗണിക്കാമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ സ്റ്റാർട്ടപ്പുകൾ

4454 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള സ്റ്റാർട്ടപ്പുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

## തൃശ്ശൂർ ജില്ലയിലെ കെ-സ്വിഫ്റ്റ് പദ്ധതി

4455 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്കായുള്ള കെ-സ്വിഫ്റ്റ് പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

## വ്യവസായ വകുപ്പിനു കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകൾ

4456 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലയിൽ സഹകരണ സ്പിന്നിംഗ് മില്ലുകൾ നിലവിൽ അടഞ്ഞു കിടക്കുന്നുണ്ടോയെന്നും അവ തുറന്നു പ്രവർത്തിക്കാൻ സാധിക്കുമോയെന്നും വെളിപ്പെടുത്താമോ;

(ബി) സ്വകാര്യ വ്യക്തികൾക്ക് ജോബ് വർക്ക് മുഖേന ഏതെങ്കിലും സ്പിന്നിംഗ് മില്ലുകൾ നടത്തിപ്പിന് കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്ത് വ്യവസായ വകുപ്പിനു കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ നിലവിലുള്ള എം.ഡി. മാർ ആരൊക്കെയാണ്; അധിക ചുമതലയിൽ ഏതെല്ലാം എം.ഡി. മാർ തുടരുന്നുണ്ട്; അവരുടെ പേര്, വിദ്യഭ്യാസ യോഗ്യത, നിയമന കാലയളവ് എന്നിവ വ്യക്തമാക്കാമോ;

(ഡി) മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ കൂടുതൽ ലാഭകരമാക്കുന്നതിനുവേണ്ടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## സംരംഭകത്വ വികസന ക്ലബ്ബുകൾ

4457 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സംരംഭകത്വ വികസന ക്ലബ്ബുകൾ ആലപ്പുഴ മണ്ഡലത്തിലെ കൂടുതൽ വിദ്യാഭാസ സ്ഥാപനങ്ങളിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മണ്ഡലത്തിൽ നിലവിൽ ആരംഭിച്ച സംരംഭകത്വ വികസന ക്ലബ്ബുകളുടെ പ്രവർത്തനം ഗുണപരമായിട്ടുണ്ടോ; പ്രസ്തുത ക്ലബ്ബുകൾ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

## പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണം

4458 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം നിലവിൽ ഉൽപ്പാദിപ്പിക്കുന്ന ന്യൂസ് പ്രിന്റിന്റെ അളവ് വ്യക്തമാക്കാമോ; ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ പുതുതായി ആരംഭിച്ച ചെറുകിട സ്ഥാപനങ്ങൾ

4459 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ന് ശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര ചെറുകിട സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യ സംസ്കരണ മേഖലയിലും, ജില്ലയിലെ പരമ്പരാഗത ഉല്പന്നങ്ങളായ കശുവണ്ടി, അടക്ക എന്നിവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതുമായ എത്ര സ്ഥാപനങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

## അനധികൃത ക്വാറികൾക്കെതിരെ നടപടി

4460 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോയെന്നും ഇത്തരം ക്വാറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ക്വാറിയിംഗ് പ്രവർത്തനത്തിന് ആവശ്യമായ സ്ഫോടകവസ്തുക്കൾ നിയമാനുസൃതമായ പരിധിയ്ക്കപ്പുറം കൈവശം വയ്ക്കുന്നുണ്ടോയെന്ന് വകുപ്പുതലത്തിൽ പരിശോധന നടത്താറുണ്ടോ; വിശദമാക്കുമോ?

## അനധികൃത ഖനന പ്രവർത്തനങ്ങൾ

4461 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ പുറമ്പോക്കുകളിൽ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഖനനത്തിലെ നിയമവിരുദ്ധ പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിന് പോലീസ്, റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

## അനധികൃത ക്വാറികളുടെ പ്രവർത്തനം

4462 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കക്ഷികളുടെയും പോലീസ് വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെയും മൗനാനുവാദത്തോടെ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരം ക്വാറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ക്വാറിയിംഗ് പ്രവർത്തനത്തിന് ആവശ്യമായ സ്ഫോടക വസ്തുക്കൾ നിയമാനുസൃതമായ പരിധിയ്ക്കപ്പുറം കൈവശം വയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; വിശദമാക്കുമോ?

## പരുത്തിയുടെ വിലക്കയറ്റം തടയാൻ നടപടി

4463 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരുത്തിയുടെ വിലക്കയറ്റം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനായി രൂപീകരിച്ച കോട്ടൺ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) സീസണിൽത്തന്നെ താങ്ങാവുന്ന നിരക്കിൽ പരുത്തി വാങ്ങി സംഭരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**സ്കൂൾ യൂണിഫോം പദ്ധതികൈത്തറി മേഖലയിൽ**

4464 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച സ്കൂൾ യൂണിഫോം പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

**കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണം**

4465 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ നവീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തന സജ്ജമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ;

(സി) കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

**ഖാദി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി**

4466 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഖാദി തുണികൾ ഉപയോഗിച്ച് റെഡിമെയ്ഡ് വസ്തുങ്ങളുണ്ടാക്കി ഖാദി ലേബലിൽ വില്പന നടത്താനുള്ള അനുമതി ഗാർമെന്റ് യൂണിറ്റുകൾ നടത്തുന്നവർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും അതിന് സർക്കാർ സബ്സിഡി നല്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഖാദി ഉല്പന്നങ്ങളിലൂടെ സ്വയംതൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നൂതനവും ആകർഷകവുമായ പദ്ധതി ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ?

**കയർ മേഖലയിലെ പ്രതിസന്ധി**

4467 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ പ്രതിസന്ധി രൂക്ഷമായി തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറഞ്ഞ കൂലി നിരക്കും അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യവും കയർ മേഖലയിലെ തൊഴിലാളികളെ സാരമായി ബാധിച്ച കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത് പ്രസ്തുത മേഖലയിൽ നിന്നും തൊഴിലാളികൾ കൊഴിഞ്ഞുപോകുന്നതിന് ഇടയാക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) നിലവിൽ കയർ മേഖലയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; അവർക്ക് പ്രതിവർഷം ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നുണ്ട് എന്നറിയിക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം നിലവിലുണ്ടോ; അതിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

## <u>മണലൂർ മണ്ഡലത്തിലെ കയർ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം</u>

4468 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കയർ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സംഘങ്ങൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## <u>കയർ മേഖലയിലെ ഉത്പാദന യൂണിറ്റുകളുടെ വികസനം</u>

4469 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ ഉത്പാദന യൂണിറ്റുകളുടെ വികസനത്തിനും പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിനുമായി നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിൽ എത്ര പേർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നൽകുകയുണ്ടായി എന്ന് അറിയിക്കാമോ;

(സി) കയർ ഉത്പാദകർക്ക് എന്തെല്ലാം വായ്പാ പദ്ധതികൾ നിലവിലുണ്ട്; വിശദമാക്കാമോ?

## <u>ആലപ്പുഴയിലെ കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ നടപടി</u>

4470 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കയർ മേഖലയ്ക്ക് ഉത്തേജനം പകരുന്ന പുതിയ പാക്കേജ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>കയർ കയറ്റുമതിയും ആഭ്യന്തര വിപണിയും വർദ്ധിപ്പിക്കാൻ പദ്ധതികൾ</u>

4471 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കയറ്റുമതിയും ആഭ്യന്തര വിപണിയും വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നടപടികളിലൂടെ കയർ ഉല്പന്നങ്ങളുടെ വിപണിയിൽ എത്ര ശതമാനത്തിന്റെ അധിക വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ?

## <u>കൈപ്പമംഗലം മണ്ഡലത്തിലെ കയർ സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>

4472 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ കയർ സഹകരണ സംഘങ്ങളെ യന്ത്രവൽക്കരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ കയർ വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകിയത്;

(ബി) സഹായം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഇത് ഉപയോഗിച്ച് വാങ്ങിച്ച യന്ത്രങ്ങൾ മൂലം പ്രസ്തുത മണ്ഡലത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് മെച്ചപ്പെട്ട ഉല്പാദനശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സഹകരണ സംഘങ്ങളിൽ ഇത്തരത്തിൽ വാങ്ങിയ യന്ത്രങ്ങൾ ഉപയോഗിക്കാതെയോ പ്രവർത്തനരഹിതമായോ കിടക്കുന്നുണ്ട്; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## <u>കയർ വ്യവസായത്തിലെ പ്രതിസന്ധികൾ</u>

4473 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിൽ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി നിലവിൽ എത്ര രൂപയാണെന്നും ഇത് തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) കയർ സംഘങ്ങളിൽ നിന്നും കയർഫെഡ് വാങ്ങിയ കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിലയായി ആകെ എത്ര രൂപയാണ് നൽകാൻ ഉള്ളതെന്നും എന്നു മുതലുള്ള തുകയാണ് ഇപ്രകാരം കുടിശികയുള്ളതെന്നും ഇനവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കയർ മേഖലയിലെ നിലവിലെ പ്രതിസന്ധികൾക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ഇവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ?

## കയർമേഖലയുടെ ശാക്തീകരണവും ആധുനികീകരണവും

4474 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ദെലീമ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയെ ശാക്തീകരിക്കുന്നതിനും ആധുനികീകരിക്കുന്നതിനും നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഉപയോഗ്യശൂന്യമായ ഉണക്കത്തൊണ്ട്, ചകിരിച്ചോറ് എന്നിവയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി അതിന്റെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ ചകിരി, കയർ എന്നിവയുടെ ഉല്പാദനതോത് 2015-16-ൽ എത്രയായിരുന്നു; പ്രസ്തുത ഉല്പാദനതോതിന്റെ നിലവിലെ പുരോഗതി വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് ചകിരി, കയർ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിച്ച് തൊണ്ട് തല്ല് - കയർപിരി തൊഴിലാളികൾക്ക് വരുമാനമുണ്ടാക്കുന്നതിനും ഗാർഹിക, ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കശുവണ്ടി മേഖലയിലെ തൊഴിൽ ദിനങ്ങൾ

4475 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിൽ ഓരോ വർഷവും തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിയുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) കാഷ്യൂ കോർപ്പറേഷന്റെയും കാപ്പക്സിന്റേയും കീഴിൽ എത്ര ഫാക്ടറികളുണ്ടെന്നും ഇതിൽ എത്രയെണ്ണം ഇനിയും തുറന്ന് പ്രവർത്തിക്കാനുണ്ടെന്നും അറിയിക്കാമോ?

## ഉഡുപ്പി- കാസർഗോഡ് 400 കെ. വി. വൈദ്യുതി ലൈൻ

4476 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഡുപ്പി- കാസർഗോഡ് 400 കെ. വി. വൈദ്യുത ലൈനിന്റെ കാസർഗോഡ് ജില്ലയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും കാലതാമസത്തിനുള്ള കരണമെന്താണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## കേരളത്തിന്റെ പുനരുപയോഗ ഊർജമേഖല

4477 **ശ്രീ. എം. എം. മണി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുപയോഗ ഊർജത്താൽ സമ്പന്നമായ സംസ്ഥാനം എന്ന നേട്ടം കേരളത്തിന് സ്വന്തമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റിന്യൂവബിൾ റിച്ച് പട്ടികയിലേക്കെത്തുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഗതികോർജ്ജ സാങ്കേതിക വിദ്യകളുടെ വികസനത്തിനായി ക്ലീൻ എനർജി ഇന്നൊവേഷൻ ആൻഡ് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദീകരിക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ഇ -ചാർജ്ജിംഗ് സ്റ്റേഷനുകൾ

4478 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഇ-വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് വേണ്ടി എത്ര വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തനസജ്ജമായെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പുതുതായി ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## കുറഞ്ഞ നിരക്കിൽ ദീർഘകാല വൈദ്യുതി കരാർ

4479 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യുടെ പ്രധാന ജലസംഭരണികളിലെ നിലവിലെ ജലനിരപ്പ് പ്രകാരം എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) വേനൽക്കാലത്ത് ജലാശയങ്ങളിലെ ജലനിരപ്പ് കുറയുന്നതുമൂലം ഉല്പാദനത്തിൽ കുറവും അതേസമയം ഉപഭോഗത്തിൽ വർദ്ധനയും ഉണ്ടാകുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി. അധിക വൈദ്യുതി ലഭ്യമാക്കിയത് എങ്ങനെയാണെന്ന് വിശദമാക്കാമോ; ഇതുവഴി എത്ര കോടി രൂപയുടെ അധിക ബാധ്യതയാണ്

കെ.എസ്.ഇ.ബി. യ്ക്കും അതുവഴി ഉപഭോക്താവിനും വന്നിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദനവും ഉപഭോഗവും തമ്മിൽ വ്യത്യാസമുണ്ടെന്നിരിക്കെ വേനൽക്കാലത്തെ ഉപഭോഗം മുന്നിൽക്കണ്ട് കുറഞ്ഞ നിരക്കിൽ ദീർഘ കാലത്തേയ്ക്ക് വൈദ്യുതി വാങ്ങുന്നതിന് കരാർ ഉണ്ടാക്കിയാൽ ഉപഭോക്താക്കളുടെമേൽ അധികഭാരം ഏൽപ്പിക്കാതെ കെ.എസ്.ഇ.ബി. യ്ക്ക് മുന്നോട്ട് പോകാൻ കഴിയില്ലേയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>തിരൂരങ്ങാടി മണ്ഡലത്തിൽ വൈദ്യുതിക്ഷാമം</u>

4480 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിൽ രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്നും അത് പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

## <u>കുട്ടനാട്ടിലെ കാർഷിക മേഖലയിൽ വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി</u>

4481 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കാർഷിക മേഖലയിൽ വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക മേഖലയിൽ സൗജന്യ വൈദ്യുതി ലഭ്യമാക്കാനും നെൽകൃഷി ചെയ്യുന്നതിന് വേഗത്തിൽ കണക്ഷൻ ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>വൈദ്യുതി വ്യവസായത്തിൽ സ്വയംപര്യാപ്തത</u>

4482 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിച്ചാൽ മാത്രമേ വ്യവസായികൾക്കും കർഷകർക്കും സാധാരണക്കാർക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ കഴിയുകയുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ ഉല്പാദനശേഷിയിൽ കുതിച്ചുചാട്ടം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന വൈദ്യുതി നിലയങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

മിനി ഹൈഡൽ, മൈക്രോ ഹൈഡൽ പദ്ധതികൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) കാലപ്പഴക്കംവന്ന വൈദ്യുതി ജനറേഷൻ യൂണിറ്റുകളിൽ നവീകരണവും ആധുനികീകരണവും വിപുലീകരണ പ്രവർത്തനങ്ങളും നടത്തി അവയുടെ ഉല്പാദനശേഷി ഉയർത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കരിന്തളം-വയനാട് 400 കെ.വി. ലൈൻ

4483 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിന്തളം-വയനാട് 400 കെ.വി ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിലെ ഭൂവുടമകൾക്കും കർഷകർക്കും നഷ്ടപരിഹാരം നല്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം നല്കുന്നതിനായി പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) ഇരിക്കൂർ മണ്ഡലത്തിലെ എത്ര കർഷകരുടെ എത്ര വിസ്തൃതി സ്ഥലത്തിലൂടെയാണ് പ്രസ്തുത ലൈൻ കടന്നു പോകുന്നതെന്ന് വ്യക്തമാക്കാമോ?

## പൂർത്തിയാകാത്ത വൈദ്യുത പദ്ധതികൾ

4484 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനുമതി ലഭിച്ചിട്ടും ഇനിയും നിർമ്മാണം ആരംഭിക്കാത്ത വൈദ്യുതോല്പാദന പദ്ധതികൾ ഏതെല്ലാമാണെന്ന് അവ ഓരോന്നിനും അനുമതി ലഭിച്ച തീയതികൾ സഹിതം അറിയിക്കുമോ;

(ബി) നിർമ്മാണം ആരംഭിച്ച ശേഷം പൂർത്തീകരിക്കാത്ത എത്ര വൈദ്യുതോല്പാദന പദ്ധതികൾ ഉണ്ട്; പദ്ധതികളുടെ പേരും തരവും നിർമ്മാണം ആരംഭിച്ച തീയതിയും അറിയിക്കുമോ;

(സി) സംസ്ഥാനത്ത് താരതമ്യേന ചെലവ് കുറഞ്ഞ എത്ര ജലവൈദ്യുത പദ്ധതികൾ നിർമ്മിക്കാൻ കഴിയും എന്നാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിലൂടെ ആകെ എത്ര വൈദ്യുതി വരെ ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

## കൊട്ടേക്കാട് പ്രദേശത്തെ വോൾട്ടേജ് വ്യതിയാനം

4485 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ കൊട്ടേക്കാട് പ്രദേശത്തെ രൂക്ഷമായ വോൾട്ടേജ് വ്യതിയാനവും ഓവർലോഡും കാരണം വൈദ്യുതി തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി മണ്ഡലത്തിലെ ചൂലൂശ്ശേരിയിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് നിവേദനം നൽകിയതെന്ന് വ്യക്തമാക്കാമോ?

## ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങൽ

4486 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ലെ അതിരൂക്ഷ വേനൽമൂലമുണ്ടായ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി പുറത്ത് നിന്ന് ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ഏത് കമ്പനിയിൽ നിന്നാണ് വൈദ്യുതി വാങ്ങിയത്; യൂണിറ്റിന് എത്ര രൂപക്കാണ് വൈദ്യുതി വാങ്ങിയത്; വ്യക്തമാക്കുമോ;

(ബി) ആരുടെ തീരുമാനപ്രകാരം എത്ര കാലത്തേക്കാണ് വൈദ്യുതി വാങ്ങുവാൻ തീരുമാനിച്ചതെന്ന വിവരം കരാറിന്റെ/പർച്ചേസ് ഓർഡറിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

## എച്ച്.റ്റി. വൈദ്യുത ലൈനുകൾ മാറ്റി സ്ഥാപിക്കൽ

4487 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ പുന്നപ്പറമ്പ് പ്രദേശത്തെ വീടുകളുടെ മുകളിലൂടെ അപകടകരമായ രീതിയിൽ കടന്നു പോകുന്ന എച്ച്.റ്റി. വൈദ്യുത ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി നൽകിയ നിവേദനത്തിൻമേൽ (439/എം (ഇല)/വി.ഐ.പി./ആർ.എൽ/2024) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അപകട ഭീഷണി ഉയർത്തുന്ന പ്രസ്തുത ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## വൈദ്യുതി നിരക്ക് വർദ്ധനവ്

4488 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചുവെന്ന് വിശദമാക്കുമോ; അതിലൂടെ അധികവരുമാനമായി ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി നിരക്കിലെ കുടിശികയിനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് എത്ര രൂപ ലഭിക്കാനുണ്ട്; സ്ഥാപനം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കുടിശിക തുക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ ആർ.ഡി.എസ്.എസ്. പദ്ധതി

4489 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരത്തിലെ വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി റീവാംമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്.) രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പുത്തൂരിൽ 33 കെ.വി. യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) കോട്ടക്കൽ മണ്ഡലത്തിലെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുമായി ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തിയ, കോട്ടക്കൽ, എടരിക്കോട് ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽ പുതിയ 11 കെ.വി.ഫീഡർ സ്ഥാപിക്കൽ, കുറ്റിപ്പുറം, വളാഞ്ചേരി സെക്ഷനുകളുടെ പരിധിയിൽ ഹൈടെൻഷൻ എ.ബി.സി. കേബിൾ വലിക്കുന്ന പ്രവൃത്തി എന്നിവയുടെ പുരോഗതി വിശദമാക്കുമോ;

(സി) മണ്ഡലത്തിലെ വൈദ്യുതി ആവശ്യം പൂർണ്ണമായും നിറവേറ്റാൻ കഴിയും വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

4490 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ, കുറ്റിപ്പുറം, വളാഞ്ചേരി ടൗണുകളിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് പ്രശ്നങ്ങളും കാരണം ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സവും സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള കെ. എസ്. ഇ. ബി. സെക്ഷൻ

4491 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള കെ.എസ്.ഇ.ബി. സെക്ഷൻ പരിധിയിൽ എത്ര ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെക്ഷൻ പരിധിയിൽ പ്രതിവർഷം ശരാശരി എത്ര ഉപഭോക്താക്കളുടെ വർദ്ധനവാണുണ്ടാകുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസിലെ നിലവിലെ തസ്തികകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സെക്ഷൻ വിഭജിച്ച് ബന്ത്യോട് കേന്ദ്രമായി പുതിയ സെക്ഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

**മലയോര ഹൈവേ നിർമ്മാണത്തിനായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ**

4492 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലമ്പൂർ മണ്ഡലത്തിലെ പൂക്കോട്ടുംപാടം - മൈലാടിപ്പാലം റീച്ചിൽ റോഡ് വീതി കൂട്ടുന്നതിനായി എത്ര ഇലക്ട്രിക് പോസ്റ്റുകളാണ് മാറ്റി സ്ഥാപിക്കേണ്ടിയിരുന്നതെന്നും ഇതിന് എത്ര തുകയാണ് കെ.ആർ.എഫ്.ബി. അടവാക്കിയിട്ടുള്ളതെന്നും സെക്ഷനുകൾ തിരിച്ച് വിവരം നൽകാമോ;

(ബി) ഇതിൽ എത്ര ഇലക്ട്രിക് പോസ്റ്റുകൾ ഇതിനകം മാറ്റി സ്ഥാപിച്ചുവെന്നും ഇനിയും മാറ്റാനുണ്ടെങ്കിൽ ആയതിന്റെ കാലതാമസത്തിനുള്ള കാരണവും വ്യക്തമാക്കാമോ;

(സി) നിലമ്പൂർ ചന്തക്കുന്ന് വെളിയംതോട് മുതൽ മൈലാടിപ്പാലം വരെയുള്ള ആഢ്യൻപാറ ജലവൈദ്യുത പദ്ധതിയിൽ നിന്നുള്ള ഹൈടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത ഹൈടെൻഷൻ പോസ്റ്റിൽ നിന്നും കെ.എസ്.ഇ.ബി.യുടെ റൈറ്റ് ഓഫ് വേ ഇരുവശത്തേക്കും എത്രയെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത ഹൈ ടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കുന്ന പദ്ധതിയിൽ എവിടെയെങ്കിലും സർവേ നടപടികൾ ആവശ്യപ്പെട്ടിരുന്നോയെന്നും സർവ്വേ നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് ഈ ഭാഗത്തെ ഹൈ ടെൻഷൻ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനാകുമെന്നും അറിയിക്കാമോ?

**കാർഷിക ആവശ്യത്തിനായുള്ള വൈദ്യുതിചാർജ് സംബന്ധിച്ച ശ്രീ.വിജയൻ എന്ന കർഷകന്റെ പരാതി**

4493 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിനായുള്ള വൈദ്യുതിചാർജ് ഒഴിവാക്കിയിരുന്ന ശ്രീ. വി.എം.വിജയൻ, വക്കേപ്പറമ്പ് മഠം (ഹൗസ്), വല്ലച്ചിറ പി.ഒ., (കൺസ്യൂമർ നമ്പർ 013722-ചേർപ്പ് കെ.എസ്.ഇ.ബി. ഓഫീസ്) എന്ന കർഷകന് അനുവദിച്ചിരുന്ന പ്രസ്തുത ഇളവ് 2022 ഏപ്രിൽ മുതൽ ഒഴിവാക്കിയ സാഹചര്യത്തിൽ അദ്ദേഹത്തിൽ നിന്നും ഇത് സംബന്ധിച്ച് പരാതി ലഭ്യമായിട്ടുണ്ടോ;

(ബി) കൃഷി വകുപ്പ് മുഖേന അടയ്ക്കേണ്ട പ്രസ്തുത തുക യഥാസമയം അടയ്ക്കാത്തതിനാൽ കർഷകനിൽ നിന്നും സർചാർജ് ഈടാക്കുന്ന നടപടി കെ.എസ്.ഇ.ബി. പുന:പരിശോധിക്കുമോ;

(സി) പ്രസ്തുത കർഷകൻ സർചാർജിനത്തിൽ പിന്നീട് അടച്ച തുക തെറ്റായ ഹെഡിൽ രേഖപ്പെടുത്തിയത് മൂലം ടിയാനെ കുടിശികക്കാരനാക്കി നിലനിർത്തുന്ന നടപടി ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

4494 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ നിലവിൽ കെ.എസ്.ഇ.ബി.ക്ക് എത്ര തുക പിരിച്ചെടുക്കാനുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുക പിരിച്ചെടുക്കാൻ എന്തെങ്കിലും ആംനെസ്റ്റി സ്കീം പ്രഖ്യാപിക്കാൻ വൈദ്യുതി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിക്കൽ

4495 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. മാവേലിക്കര മണ്ഡലത്തിൽ ചെയ്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും നിലവിലെ സ്ഥിതി വിവരം എന്താണെന്നും വിശദമാക്കുമോ?

## കെ.എസ്.ഇ.ബി.യുടെ ചാർജിംഗ് സ്റ്റേഷനുകൾ

4496 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതവാഹനങ്ങളുടെ ചാർജിംഗിനായി കെ.എസ്.ഇ.ബി.യുടെ ചാർജിംഗ് സ്റ്റേഷനുകൾ ഏതൊക്കെ ജില്ലകളിലായി എത്രയെണ്ണമാണ് പ്രവർത്തിച്ചു വരുന്നത്; പുതിയതായി എവിടെയൊക്കെയാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ചാർജിംഗ് സ്റ്റേഷനുകളിൽ നിന്നും കെ.എസ്.ഇ.ബി.ക്ക് വരുമാനം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗപ്പെടുത്തി ഓട്ടോറിക്ഷകൾക്കും മറ്റും ചാർജിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും എത്ര രൂപയുടെ വരുമാനം ഇതിൽ നിന്നും ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി.ക്ക് കിട്ടാനുള്ള കുടിശിക

4497 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന് 31.3.2024 വരെ കുടിശിക ഇനത്തിൽ എത്ര കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട് ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി സപ്ലൈകോഡ് 2014 അനുസരിച്ച് എന്തെല്ലാം നടപടികളാണ് കുടിശിക വരുത്തിയ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചത്; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ കുടിശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ?

## കെ.എസ്.ഇ.ബി. പുതിയ സെക്ഷൻ ഓഫീസുകൾ

4498 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ പുതുതായി ആരംഭിക്കുന്നതിനുള്ള മാനദണ്ഡം വിശദീകരിക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോന്നിനും സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(സി) മലപ്പുറം മണ്ഡലത്തിലെ മഞ്ചേരി സർക്കിൾ പരിധിയിലുള്ള വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷനുകൾ വിഭജിക്കണമെന്ന ദീർഘകാല ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കുന്ന നടപടി

4499 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ 15, 16 വാർഡുകളെ ബന്ധിപ്പിക്കുന്ന മുന്താലിൽ ക്ഷേത്രം-നീരാവിനാൽ റോഡിൽ ഏരിയൽ ബഞ്ചഡ് കേബിൾ ഉപയോഗിച്ച് സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കുമോ?

## കയ്പമംഗലം നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

4500 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും അതിലേക്കായി എത്ര പഴയ ട്രാൻഫോമറുകൾ മാറ്റി പുതിയവ സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ പല സ്ഥലങ്ങളിലും ട്രാൻസ്ഫോർമറുകൾ താഴ്ന്ന സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്നതുമൂലം അപകടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഉയർത്തി വയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## വെന്നിയൂർ കെ.എസ്.ഇ.ബി. ഗസ്റ്റ് ഹൗസ് നിർമ്മാണം

4501 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നിർദ്ദിഷ്ട വെന്നിയൂർ കെ.എസ്.ഇ.ബി. ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ നടപടികൾ ഏതുവരെയായി; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## മയിലാട്ടി മുതൽ വിദ്യാനഗർ വരെയുള്ള 110 കെ.വി. ലൈനിനെ സിംഗിൾ സർക്യൂട്ട് ലൈനാക്കി മാറ്റുന്ന പ്രവൃത്തി

4502 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മയിലാട്ടി മുതൽ വിദ്യാനഗർ വരെയുള്ള 110 കെ.വി. ലൈനിനെ സിംഗിൾ സർക്യൂട്ട് ലൈനാക്കി മാറ്റുന്ന പ്രവൃത്തി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ലൈനിന്റെ ശേഷി കുറഞ്ഞതുമൂലം കഴിഞ്ഞ രണ്ട് മൂന്നു വർഷങ്ങളായി വേനൽകാലങ്ങളിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടതായി വന്നിട്ടുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥയ്ക്ക് എപ്പോൾ ശാശ്വത പരിഹാരം ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ നിലവിൽ റെയിൽവേക്ക് വൈദ്യുതി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര ഫേസുകളിലാണ് വൈദ്യുതി നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) റയിൽവേ ട്രാക്ഷനുവേണ്ടി വൈദ്യുതി ഉപയോഗിക്കുന്ന സമയങ്ങളിൽ രണ്ട് ഫേസുകളിൽ മാത്രം പെട്ടെന്ന് വോൾട്ടേജ് കുറയുകയും വിവിധ സ്ഥലങ്ങളിലെ ത്രീ ഫേസ് മോട്ടോറുകൾ കത്തിപോകുന്നതുമായ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര സബ്സ്റ്റേഷനുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഇവ സ്ഥാപിക്കാൻ തിരഞ്ഞെടുത്ത സ്ഥലങ്ങൾ ഏതെല്ലാമാണെന്നും അവ എപ്പോൾ സ്ഥാപിക്കുമെന്നും വ്യക്തമാക്കാമോ?

## കെ.എസ്.ഇ.ബി.സ്മാർട്ട് മീറ്ററുകൾ

4503 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക ബാധ്യത ആരാണ് വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതുമൂലമുള്ള സാമ്പത്തിക ബാധ്യത ഉപഭോക്താക്കളിൽ വരുമെന്ന ആശങ്ക ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

## ട്രാൻസ്ഫോർമറുകളുടെ ശേഷി

4504 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഉയർന്ന നിലവാരത്തിലുള്ള റോഡുകൾക്ക് യോജിച്ചതും ആധുനിക രീതിയിലുള്ളതും രൂപഭംഗിയാർന്നതുമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## വൈദ്യുതിയുടെ പ്രസരണ നഷ്ടം

4505 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രസരണനഷ്ടം എത്ര യൂണിറ്റാണ്; ഇത് തടയുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂഗർഭ കേബിളുകളിലൂടെ വൈദ്യുത വിതരണം നടത്തിയാൽ പ്രസരണ നഷ്ടവും അറ്റകുറ്റപണികൾക്കായി ചെലവഴിക്കുന്ന തുകയും ലാഭിക്കാൻ സാധിക്കുമോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; വേനൽക്കാലത്ത് എ.സി.യുടെ ഉപയോഗം കൂടുമെന്ന് മുൻകൂട്ടി കണ്ട് വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഒരു ട്രാൻസ്ഫോമർ പരിധിയിലെ വൈദ്യുതി കണക്ഷനുകൾ ട്രാൻസ്ഫോമർ കപ്പാസിറ്റി അനുസരിച്ചാണോ നൽകി വരുന്നത്; കണക്ഷനുകളും കണക്റ്റഡ് ലോഡും വർദ്ധിക്കുന്നതിനനുസരിച്ച് ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടുന്നതിനും പഴയ വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ഇ) സമാർട്ട് മീറ്റർ സംവിധാനത്തിലേക്ക് മാറുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; പുനരുപയോഗ പുരപ്പുറ സോളാർ പദ്ധതിയിലെ ഉല്പാദകരെ സാരമായി ബാധിക്കുന്ന നെറ്റ് മീറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(എഫ്) പുനരുപയോഗ എനർജി ഉല്പാദകർ നൽകുന്ന വൈദ്യുതിക്ക് സമയബന്ധിതമായി

പണം നൽകുവാൻ നടപടി സ്വീകരിക്കുമോ?

## കെ.എസ്.ഇ .ബി യിലെ നിയമനം

4506 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്. ഇ .ബി. യിൽ വിവിധ തസ്തികകളിലായി എത്ര പേർക്ക് നിയമനം നൽകിയെന്ന് തസ്തിക തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) സബ് എഞ്ചിനിയർ( ഇലക്ട്രിക്കൽ) അസിസ്റ്റന്റ് എഞ്ചിനിയർ( ഇലക്ട്രിക്കൽ) എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര ഒഴിവുകളാണ് നേരിട്ടുള്ള നിയമനത്തിനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

## വൈദ്യുതി ഉപകരണങ്ങളുടെ വിതരണം സുതാര്യമാക്കാൻ നടപടി

4507 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ വിവിധ ജില്ലകളിൽ വൈദ്യുത ഉപകരണങ്ങൾ , പോസ്റ്റുകൾ, സ്മാർട്ട് മീറ്ററുകൾ, ട്രാൻസ്ഫോർമറുകൾ, എ.ബി.സി കേബിൾ എന്നിവക്ക് കടുത്ത ക്ഷാമം ഉണ്ടാകുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ ജില്ലയിലെയും ഉപഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് മെറ്റീരിയലുകൾ വിതരണം ചെയ്യുന്നതിന് സുതാര്യമായ നടപടി സ്വീകരിക്കുമോ?

## ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ

4508 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ ഭാഗമായി കെ.എസ്.ഇ.ബി. സ്ഥാപിച്ച ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വൈദ്യുതിയുടെ വാങ്ങലും വില്പനയും

4509 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു എന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര മെഗാവാട്ട് വൈദ്യുതി വാങ്ങിയിട്ടുണ്ട് എന്നും യൂണിറ്റിന് നൽകിയ വില എത്രയാണ് എന്നും വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഉൽപാദിപ്പിച്ച വൈദ്യുതിയിൽ നിന്ന് വിൽപന നടത്തിയിട്ടുണ്ടെങ്കിൽ അത് എത്ര മെഗാവാട്ട് ആണെന്നും യൂണിറ്റിന് ലഭ്യമായ വില എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനം ഏതെല്ലാം ഏജൻസികളിൽ നിന്നാണ് വൈദ്യുതി വാങ്ങിയത് എന്ന വിവരം ലഭ്യമാക്കാമോ?

## ഉറുമി ജലവൈദ്യുത പദ്ധതിയുടെ നവീകരണം

4510 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉറുമി ജലവൈദ്യുത പദ്ധതിക്ക് പ്രകൃതി ക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(സി) തകരാർ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## മാർമല ജലവൈദ്യുത പദ്ധതി

4511 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർമല ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## അംഗൻ ജ്യോതി പദ്ധതി

4512 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ അങ്കണവാടികളിൽ അംഗൻ ജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതി ആരംഭിക്കാൻ നടപടി

4513 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന വൈദ്യുതി ആവശ്യം കണക്കിലെടുത്ത് സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി ജനങ്ങൾക്കും വ്യവസായ മേഖലയ്ക്കും കുറഞ്ഞ ചെലവിൽ വൈദ്യുതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കക്കയം ജലവൈദ്യുത പദ്ധതി

4514 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ജലവൈദ്യുത പദ്ധതിയുടെ പെൻസ്റ്റോക്ക് പൈപ്പുകൾ കടന്നു പോകുന്നതിനായി സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുത്തിരുന്നോ; എങ്കിൽ എത്രപേരുടെ ഭൂമിയാണ് ഇതിനായി ഏറ്റെടുത്തിട്ടുള്ളതെന്നും പ്രസ്തുത ഭൂമിക്ക് നഷ്ടപരിഹാരം കൊടുത്തിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## വൈദ്യുതി ബില്ലിലെ വ്യത്യസ്ത ഇനങ്ങൾ

4515 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് നൽകുന്ന വൈദ്യുതി ബില്ലിൽ ഏതെല്ലാം ഇനത്തിലാണ് തുക ഈടാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫിക്സഡ് ചാർജ്ജ്, മീറ്റർ വാടക, എനർജി ചാർജ്ജ്, ഡ്യൂട്ടി, ഫ്യൂവൽ സർചാർജ്ജ്, മന്ത്‌ലി ഫ്യൂവൽ സർചാർജ്ജ് എന്നീ വ്യത്യസ്ത ഇനങ്ങളിലായി പണം ഈടാക്കാനുള്ള കാരണമെന്താണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

## അരുവിക്കര മണ്ഡലത്തിലെ സൗരോർജ്ജ പ്ലാന്റുകൾ

4516 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ള സർക്കാർ സ്ഥാപനങ്ങളുടെയും വീടുകളുടെയും എണ്ണം തരംതിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള എത്ര അപേക്ഷകൾ ഇനി ബാക്കിയുണ്ടെന്ന വിവരം നൽകുമോ?

## സോളാർ പാനൽ ഘടിപ്പിച്ച് വൈദ്യുതി വിതരണ പദ്ധതി

4517 **ശ്രീ. എം. എം. മണി**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗ നഗറുകളിലും വീടുകളിലും സോളാർ പാനൽ ഘടിപ്പിച്ച് വൈദ്യുതി വിതരണവും വീട്ടുടമകൾക്ക് വരുമാനവും ലഭ്യമാക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## വിൻഡ് എനർജി മുഖേനയുള്ള വൈദ്യുതി ഉല്പാദനം

4518 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൻഡ് എനർജി മുഖേന സംസ്ഥാനത്ത് പ്രതിദിനം എത്രത്തോളം വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

## വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റുള്ള അപകടങ്ങൾ കുറയ്ക്കാൻ നടപടി

4519 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊട്ടി വീഴുന്ന വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റുള്ള അപകടങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടുക്കി ജില്ലയിൽ ഇത്തരത്തിൽ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടെന്നും എത്ര പേർക്ക് പരുക്കേറ്റെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഉടുമ്പൻചോല മണ്ഡലത്തിൽ പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റ് ഒരു വീട്ടിലെ മൂന്ന് പേർ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ കുടുംബത്തിന് എന്തൊക്കെ സമാശ്വാസ സഹായമാണ് വകുപ്പ് അനുവദിച്ചത്; വിശദാംശം നൽകാമോ;

(ഡി) മരണമടഞ്ഞവരുടെ ആശ്രിത നിയമനത്തിനായി അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഇ) ഒരു വീട്ടിലെ മൂന്നുപേർ മരിക്കാനിടയായ സംഭവത്തിൽ മരണമടഞ്ഞവരുടെ ആശ്രിതയ്ക്ക് സമാശ്വാസ പദ്ധതി പ്രകാരം ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) 2011 മുതൽ നാളിതുവരെ വൈദ്യുതി വകുപ്പിൽ എത്ര പേർക്ക് ഇപ്രകാരം ജോലി നൽകിയിട്ടുണ്ട്; ഓരോ നിയമനവും സംബന്ധിച്ച വിശദാംശം നൽകാമോ?

## വൈദ്യുത മേഖലയിലെ അപകടങ്ങൾ

4520 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വൈദ്യുത മേഖലയിൽ എത്ര സ്ഥിരം, താൽകാലിക ജീവനക്കാർ ഡ്യൂട്ടിക്കിടെയുള്ള അപകടത്തിൽ മരണമടഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വൈദ്യുതി മേഖലയിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തൊക്കെ മുൻകരുതലുകളും നടപടികളുമാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ സബ് സ്റ്റേഷനുകൾ

4521 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പരപ്പനങ്ങാടി, വെന്നിയൂർ, എടരിക്കോട്, ക്ലാരിയാട് സബ് സ്റ്റേഷനുകളെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

**<u>കെ.എസ്.ഇ.ബി.യുടെ പുതിയ സബ് സ്റ്റേഷനുകൾ</u>**

4522 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ഇ.ബി. പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സബ്സ്റ്റേഷനുകൾ ഏതെല്ലാമാണെന്നും ഓരോ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

**<u>ഉദുമ മണ്ഡലത്തിലെ ദേലംപാടി 33 കെ.വി. സബ്സ്റ്റേഷൻ</u>**

4523 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ ദേലംപാടി പഞ്ചായത്തിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

**<u>കെ.എസ്.ഇ.ബി.യിലെ ടൈപ്പിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ</u>**

4524 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ ടൈപ്പിസ്റ്റ് ഗേഡ് 2 തസ്തികയിൽ അംഗീകൃതമായ എത്ര പോസ്റ്റുകളാണുള്ളതെന്ന് വ്യക്തമാക്കാമോ; എതെല്ലാം ഓഫീസുകളിൽ എത്ര വീതം തസ്തികകളെന്ന വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ഏതെല്ലാം ഓഫീസുകളിൽ എത്ര വീതം ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ അവസാനമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന് ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>കെ.എസ്.ഇ.ബി.യുടെ ഡാമുകളിലെ ടൂറിസം വരുമാനം</u>**

4525 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.യുടെ ഡാമുകളിൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ടൂറിസം വഴി ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>അനെർട്ടിന്റെ സോളാർ പാനൽ പദ്ധതി</u>**

4526 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് അനെർട്ടിന് ലഭിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളുടെ അടിസ്ഥാനത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എത്ര വീടുകളിൽ പാനൽ സ്ഥാപിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സബ്സിഡി തുക എത്രയാണെന്ന് അറിയിക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ സോളാർപാനൽ പദ്ധതി</u>**

4527 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും സോളാർപാനൽ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ആലപ്പുഴ ജില്ലയിൽ തുറമുഖ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ</u>**

4528 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 മുതൽ ആലപ്പുഴ ജില്ലയിൽ തുറമുഖ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെയും അവയുടെ നിലവിലെ സ്ഥിതിയുടെയും വിശദാംശം നൽകുമോ?

## കേരളത്തിലെ തുറമുഖങ്ങളിലെ ചരക്കുനീക്കം

4529 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തുറമുഖങ്ങൾ വഴി കൈകാര്യം ചെയ്തുവരുന്ന ചരക്കുകൾ ഭൂരിഭാഗവും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2021-22, 2022-23 എന്നീ കാലയളവിൽ കൈകാര്യം ചെയ്ത ചരക്ക് വിഹിതം തുറമുഖം തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് വിഹിതം തുറമുഖം തിരിച്ച് വിശദമാക്കാമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനം

4530 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികസനത്തിൽ നിർണ്ണായകമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കസ്റ്റംസ് അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അംഗീകാരം നേടിയെടുക്കുന്നതിനായി എന്തൊക്കെ സൗകര്യങ്ങളാണ് തുറമുഖത്ത് സജ്ജമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വിഴിഞ്ഞം തുറമുഖത്തിന് പോർട്ട് കോഡ് ലഭ്യമായിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ഡി) തുറമുഖം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതിന് ഏതൊക്കെ അംഗീകാരങ്ങളാണ് ഇനി ലഭ്യമാകുവാനുള്ളതെന്നും ഇവ നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കാമോ?

## കൊല്ലം നീണ്ടകര പോർട്ട് മെക്കാനിക്കൽ വർക്ക്ഷോപ്പ്

4531 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നീണ്ടകരയിൽ പ്രവർത്തിക്കുന്ന പോർട്ട് മെക്കാനിക്കൽ വർക്ക്ഷോപ്പ് വികസിപ്പിച്ച് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കൊല്ലം തുറമുഖം വികസിക്കുന്നതോടുകൂടി യാനങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള കേന്ദ്രമായി നീണ്ടകരയെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള-ഗൾഫ് യാത്രാ കപ്പൽ തെരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങൾ

4532 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള-ഗൾഫ് യാത്രാ കപ്പൽ സർവീസ് ആരംഭിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത സർവീസ് എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നും അറിയിക്കുമോ?

**സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി**

4533 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിജയം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളോടൊപ്പം സഹകാരികൾക്ക് ആശ്വാസം പകരുന്ന നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

**സഹകരണ ബാങ്കിംഗ് മേഖലയുടെ ആധുനികവത്ക്കരണം**

4534 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിംഗ് മേഖലയുടെ പരിവർത്തനവും ആധുനികവത്ക്കരണവും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ ലക്ഷ്യ പ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആർ.റ്റി.ജി.എസ്./എൻ.ഇ.എഫ്.റ്റി., ഐ.എം.പി.എസ്., യു.പി.ഐ., മൊബൈൽ ബാങ്കിംഗ് എന്നീ സേവനങ്ങളുടെ അഭാവം പരമ്പരാഗത സഹകാരികൾ ഒഴികെയുള്ള ജനതയെയും യുവജനങ്ങളെയും ബാങ്കിംഗ് സേവനങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും അകറ്റി നിർത്തുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സേവനങ്ങൾ കൂടി ഈ രംഗത്ത് നടപ്പാക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) സഹകരണ ബാങ്കിംഗ് മേഖലയിൽ പ്രൊഫഷണലിസം കൊണ്ടു വരുന്നതിനായി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

**ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ സ്ഥലം**

4535 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ അധീനതയിൽ എത്ര സെന്റ് സ്ഥലമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

**നവകേരളീയം കുടിശിക നിവാരണം 2023**

4536 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളീയം കുടിശിക നിവാരണം-2023, എന്ന് മുതലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംഘം തലത്തിൽ എത്ര രൂപ വരെയുള്ള കിഴിവുകളാണ് തീർപ്പാക്കി നൽകാൻ അനുമതി നൽകിയിരുന്നത്;

(സി) എത്ര രൂപയിൽ കൂടുതലുള്ള ഇളവ് നൽകുന്നതിനാണ് സംസ്ഥാനതല സമിതിയുടെ അംഗീകാരം വേണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്;

(ഡി) ഇതുവരെയായി എത്ര നിർദേശങ്ങളാണ് സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായി എത്തിയിട്ടുള്ളത്;

(ഇ) സംസ്ഥാനതല സമിതിയുടെ ഘടന ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതുവരെയായി സംസ്ഥാനതല സമിതി ചേർന്നിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സമിതിയുടെ യോഗം ചേരുന്നത് വൈകുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ;

(ജി) കുടിശിക തീർപ്പാക്കൽ പദ്ധതി പ്രകാരം സമർപ്പിച്ച ഫയലുകളിൽ സംസ്ഥാനതല സമിതിയുടെ അംഗീകാരം വൈകുന്നത് മൂലം പ്രാഥമിക സംഘങ്ങൾക്ക് ലഭിക്കേണ്ട കുടിശിക തുക കിട്ടാൻ വൈകുന്നതായും ഇക്കാരണത്താൽ നിഷ്ക്രിയ ആസ്തി ഉയർന്ന തോതിൽ നിൽക്കുകയും ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതി**

4537 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന നടത്തി കയറ്റുമതി സാധ്യമാക്കുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**അരുവിക്കര മണ്ഡലത്തിൽ സഹകരണ സംഘങ്ങൾ മുഖേന സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ**

4538 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിൽ വിവിധ സഹകരണ സംഘങ്ങൾ മുഖേനയും അനുബന്ധ സ്ഥാപനങ്ങൾ മുഖേനയും സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ എത്രയെന്നതിന്റെ വിശദവിവരം നൽകുമോ?

**<u>സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കാൻ നടപടി</u>**

4539 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏത് സഹകരണ സംഘത്തെക്കുറിച്ചും കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി സുതാര്യത ഉറപ്പു വരുത്തുന്നതിനുള്ള കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം പൂർണ്ണ തോതിൽ പ്രാവർത്തികമായിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ നവലിബറൽ നയങ്ങൾക്ക് ബദലായി സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>സഹകരണ വകുപ്പിലെ ജീവനക്കാരുടെ പ്രൊമോഷൻ</u>**

4540 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനാവശ്യമായ അംഗീകൃത കോഴ്സുകൾ ചെയ്യുന്നതിന് ലീവ് അനുവദിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ജെ.ഡി.സി./എച്ച്.ഡി.സി./ബി.കോം കോ-ഓപ്പറേഷൻ യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ റാങ്ക് ലിസ്റ്റ് വഴിയല്ലാതെ നേരിട്ട് പ്രൊമോഷൻ നൽകുന്നുണ്ടോ; എങ്കിൽ ഏത് തസ്തികയിലേയ്ക്കാണ് നിയമിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

**<u>ഭൂമി തരംമാറ്റം ഒഴിവാക്കാൻ നടപടി</u>**

4541 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളിൽ അഞ്ചു സെന്റ് വരെയും ഗ്രാമ പഞ്ചായത്തുകളിൽ പത്തു സെന്റ് വരെയും ഭൂമി ഉള്ളവർക്ക് പ്രസ്തുത ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് ഭൂമി തരം മാറ്റുന്നതിന്റെ ആവശ്യകത ഇല്ലെന്നിരിക്കെ ഈ ഭൂമി തരംമാറ്റാതെ ഈട് വെച്ച് സഹകരണ ബാങ്കിൽ നിന്നും ലോൺ അനുവദിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

**<u>സഹകരണ മേഖലയിലെ വൈവിധ്യവത്കരണം</u>**

4542 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്താകമാനം സഹകരണമേഖലയിൽ സംരംഭകത്വം, സ്ത്രീ ശാക്തീകരണം, സാങ്കേതികവിദ്യ, സ്കിൽ വികസനം എന്നിവ കരുത്താർജ്ജിച്ച് വരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സാഹചര്യത്തിൽ ടെക്നോളജി കൂടുതലായി പ്രയോജനപ്പെടുത്തിക്കൊണ്ട് വൈവിധ്യവത്കരണത്തിന് പ്രാധാന്യം നൽകി മുന്നേറാൻ സഹകരണമേഖലയെ പ്രാപ്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ദേശീയ വിദ്യാഭ്യാസ നയത്തിനനുസരിച്ച് വിദ്യാഭ്യാസ, തൊഴിൽ നൈപുണ്യ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സഹകരണ സ്ഥാപനങ്ങൾക്ക് കാര്യമായ പങ്കുവഹിക്കാൻ സാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നിയമഭേദഗതികളുൾപ്പെടെയുള്ള നടപടികളിലൂടെ സംസ്ഥാന സഹകരണ മേഖലയെ നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ

4543 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഏതെങ്കിലും നിക്ഷേപം സ്വീകരിച്ചശേഷം അത് തിരികെ കൊടുക്കുവാൻ കഴിയാതെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിൽ നിന്നും യഥാസമയം നിക്ഷേപം പിൻവലിക്കുവാൻ കഴിയാത്തത് സംബന്ധിച്ച് സഹകാരികളിൽ നിന്നും പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സഹകരണ സംഘങ്ങൾ എതെല്ലാമെന്ന് വിശദമാക്കാമോ?

## കെയർ ഹോം പദ്ധതി

4544 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിനു ശേഷം കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം എന്നിവയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ റിസ്ക് ഫണ്ട്

4545 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ റിസ്ക് ഫണ്ട് അനുവദിക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഇനി എത്രപേർക്ക് ഫണ്ട് അനുവദിക്കാനുണ്ടെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ആലപ്പുഴ മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകൾ മുഖേന റിസ്ക് ഫണ്ട് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഫണ്ട് അനുവദിക്കാത്തവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ട് അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## മലപ്പുറം ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിലെ അപേക്ഷകൾ

4546 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ ശാഖ, ക്ലാസിഫിക്കേഷൻ പുതുക്കൽ, സ്റ്റാഫ് പാറ്റേൺ അനുമതി, പുതിയ പദ്ധതികൾ തുടങ്ങൽ, പൊതു ഫണ്ട് വിനിയോഗ അനുമതി തുടങ്ങിയവക്കായി മലപ്പുറം ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം നൽകുമോ;

(ബി) മലപ്പുറം ജില്ലയിലെ സഹകരണ സംഘങ്ങളിൽ നിന്നും ലഭിച്ച പ്രസ്തുത അപേക്ഷകളിൽ ഇതുവരെ എത്രയെണ്ണം തീർപ്പ് കൽപ്പിച്ചുവെന്നും എത്രയെണ്ണം നിരസിച്ചുവെന്നും എത്രയെണ്ണം പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ;

(സി) തീർപ്പാകാത്ത ഫയലുകളുടെ വിശദവിവരം സംഘത്തിന്റെ പേര് സഹിതം നൽകാമോ; കാലതാമസം ഒഴിവാക്കി പരിഗണനയിലുള്ള എല്ലാ അപേക്ഷകളും അടിയന്തരമായി തീർപ്പാക്കുമോ; വ്യക്തമാക്കാമോ?

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്‌പെക്ടർ തസ്തികയിലെ ഒഴിവുകൾ

4547 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്‌പെക്ടർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായി നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) 2024 മെയ് 1-ന് ശേഷം നാളിതുവരെ നേരിട്ടുള്ള നിയമനത്തിനായി പ്രസ്തുത തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്ത തീയതി ഉൾപ്പെടെ വിശദമാക്കാമോ;

(സി) പ്രൊമോഷൻ വഴി നികത്താനായുള്ള ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്‌പെക്ടർ തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഈ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## എറണാകുളം ജില്ലയിലെ സഹകരണ എക്സ്പോ

4548 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022, 2023 വർഷങ്ങളിൽ ഏപ്രിൽ മാസം എറണാകുളം ജില്ലയിൽ സഹകരണ എക്സ്പോ നടത്തുകയുണ്ടായോ; എങ്കിൽ എക്സ്പോയിലൂടെ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത എക്സ്പോകൾ ഓരോന്നും നടത്തുന്നതിനായി എത്ര തുക വീതം ചെലവായി എന്ന് വെളിപ്പെടുത്താമോ; ഓരോ എക്സ്പോയുടെയും ഇനം തിരിച്ചുള്ള ചെലവുകളുടെ വിശദാംശം നൽകാമോ?

## സഹകരണ പെൻഷൻ ബോർഡിന്റെ നിക്ഷേപം മാറ്റൽ

4549 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ ബോർഡിന്റെ നിക്ഷേപത്തിൽ ആകെ എത്ര കോടി രൂപയാണ് കേരള ബാങ്കിൽ നിന്നും ട്രഷറിയിലേക്ക് മാറ്റുന്നതിനായി ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ആരോഗ്യരംഗത്ത് സഹകരണമേഖലയുടെ സംഭാവനകൾ

4550 **ശ്രീ ഒ . ആർ. കേളു**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ എം മുകേഷ്**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗത്ത് സഹകരണമേഖല നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പാലിയേറ്റീവ് കെയർ രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സഹകാരി സമൂഹത്തിനും പൊതുജനങ്ങൾക്കും ഗുണകരമായി മാറിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പിന്നാക്ക, ആദിവാസി, പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സയും ആരോഗ്യസംരക്ഷണവും സഹകരണ മേഖലയിലൂടെ പ്രദാനം ചെയ്യുന്നതിന് പൈലറ്റ് പദ്ധതി നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ കൂടുതൽ നടപടി

4551 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യൂ ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ പ്രവർത്തിക്കുന്ന ഓരോ സംഘത്തിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്താനും സാമ്പത്തിക കാര്യങ്ങളിലെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും

എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>റിസ്ക് ഫണ്ട് ആനുകൂല്യത്തിനുള്ള അപേക്ഷ</u>**

4552 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് കാർഷിക ഗ്രാമ വികസന സഹകരണ സംഘം മുക്കം ശാഖയിൽ നിന്നും വായ്പയെടുത്ത ഏറാടി പറമ്പത്ത് മൂസ 2021-ൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ കുടുംബം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇവർക്ക് പ്രസ്തുത ആനുകൂല്യം എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

**<u>സഹകരണ മേഖല കാർഷിക രംഗത്ത് നടപ്പാക്കുന്ന കാർഷിക പദ്ധതികൾ</u>**

4553 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് വമ്പൻ കുതിപ്പ് നൽകുന്നതിനായി സഹകരണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിലെ നൂതന പദ്ധതിയായി വിഭാവനം ചെയ്ത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രസ്തുത പദ്ധതി പ്രവർത്തനം നിലവിൽ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(സി) നെൽ കർഷകരുടെ സംഭരണ വിപണന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സഹകരണ മേഖലയിലെ കാർഷിക കടാശ്വാസ പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>റിസ്ക് ഫണ്ട്പദ്ധതി ചട്ടങ്ങൾ</u>**

4554 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് പദ്ധതി ചട്ടങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>തരൂർ മണ്ഡലത്തിലെ ആധുനിക സഹകരണ റൈസ് മിൽ പദ്ധതി</u>**

4555 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന കണ്ണമ്പ്ര ആധുനിക സഹകരണ റൈസ് മിൽ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

**അക്രിഡിറ്റഡ് ഏജൻസികൾക്കും സ്റ്റാർട്ട് അപ്പുകൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ**

4556 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രഡിറ്റഡ് ഏജൻസികൾ, സ്റ്റാർട്ട് അപ്പ് എന്നിവയ്ക്ക് സർക്കാർ പദ്ധതികളും പ്രവൃത്തികളും ഏറ്റെടുക്കുമ്പോൾ ലഭിക്കുന്ന പ്രത്യേക ആനുകൂല്യങ്ങളും ഇളവുകളും എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ പദ്ധതികളും പ്രവൃത്തികളും ഏറ്റെടുക്കുമ്പോൾ അക്രഡിറ്റഡ് ഏജൻസികൾ, സ്റ്റാർട്ട് അപ്പുകൾ എന്നിവയ്ക്ക് ലഭിക്കുന്ന പരിഗണന യുവജന സംരംഭക സഹകരണ സംഘങ്ങൾക്ക് കൂടി നൽകുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**സഹകരണ മേഖലയുടെ സാങ്കേതിക വിദ്യാധിഷ്ഠിത കൃഷി**

4557 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയായ കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്സ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ-ന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, വിതരണം എന്നീ മേഖലകളിൽ സഹകരണ രംഗത്ത് നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) സഹകരണ മേഖലയിൽ സംസ്ഥാനത്ത് കൃഷി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച പുരോഗതി അറിയിക്കാമോ?

**സഹകരണ മേഖലയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

4558 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) 2010-ന് ശേഷം നിർധനരായ പട്ടികജാതി കുടുംബങ്ങൾ എടുത്ത വായ്പയിൽ വന്നിട്ടുള്ള കുടിശ്ശിക ഒഴിവാക്കുന്നതിനായി കടാശ്വാസ പദ്ധതി നടപ്പിലാക്കുമോ;

(സി) നിർധനരായ മത്സ്യത്തൊഴിലാളികളുടെ വായ്പ കുടിശ്ശിക ഒഴിവാക്കുന്നതിന് കടാശ്വാസ പദ്ധതി നടപ്പിലാക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ റിസ്ക് ഫണ്ട് അപേക്ഷകൾ

4559 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വൈപ്പിൻ മണ്ഡലത്തിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി എത്രപേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ബാങ്ക് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം പാസ്സായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അവശേഷിക്കുന്ന അപേക്ഷകളിൽ അർഹരായവർക്ക് പ്രസ്തുത ആനുകൂല്യം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കേരള ബാങ്ക്, വല്ലാർപാടം ശാഖയിൽനിന്നും എടുത്ത വായ്പ കുടിശികയില്ലാതെ അടച്ചുവരവേ 15.07.2022-ന് മരണപ്പെട്ട സേവ്യറിന്റെ ഭാര്യ ബീന റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; പ്രസ്തുത ആനുകൂല്യം ടിയാൾക്ക് എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

## സഹകരണ നിക്ഷേപ സമാഹരണം

4560 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 ലെ സർക്കാരിന്റെ കാലം മുതൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ സമാഹരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വന്നശേഷം സഹകരണ സ്ഥാപനങ്ങളിലെ കുടിശിക നിവാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്ക് ഏറ്റവും ഉയർന്ന ഗ്യാരന്റി നൽകുന്നകാര്യം പരിഗണിക്കുമോ; അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് പദ്ധതി

4561 **ഡോ. എം. കെ. മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് സഹകരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) കാർഷിക മേഖലയുടെ വികസനത്തിനായി സഹകരണ വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

## സഹകരണ ജീവനക്കാരുടെ ചികിത്സയ്ക്ക് പ്രത്യേക ഇൻഷ്വറൻസ് പദ്ധതി

4562 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ജീവനക്കാരുടെ ചികിത്സക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) സഹകരണ മേഖലയിലെ ജീവനക്കാരുടെ ചികിത്സയ്ക്ക് വേണ്ടി പുതുതായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## അംഗസമാശ്വാസ നിധി പദ്ധതി

4563 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം സഹകരണ അംഗസമാശ്വാസ നിധി പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ടെന്നും ആകെ എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## കോട്ടയം ജില്ലയിലെ റിസ്ക് ഫണ്ട്

4564 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കോട്ടയം ജില്ലയിൽ റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും അവയിൽ എത്ര പേർക്ക് ഫണ്ട് അനുവദിച്ചുവെന്നുമുള്ള വിശദാംശം മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ബി) അപേക്ഷ സമർപ്പിച്ചവരിൽ ഇനി എത്ര പേർക്കാണ് ഫണ്ട് അനുവദിക്കാനുള്ളതെന്നും ഫണ്ട് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

## സഹകരണ ബാങ്കുകളിൽ ആദായനികുതി വകുപ്പിന്റെ ഇടപെടലുകൾ

4565 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായനികുതി വകുപ്പിന്റെ ഇടപെടലുകളും കർശന നടപടികളും സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിക്ഷേപം കുറയുന്നതായുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആദായനികുതി ഉദ്യോഗസ്ഥർ സഹകരണ സ്ഥാപനങ്ങളോടും നിക്ഷേപകരോടും വൈരനിര്യാതനബുദ്ധിയോടെ പെരുമാറുന്ന സാഹചര്യം പരിശോധിക്കുമോ; സഹകരണ സ്ഥാപനങ്ങളുടെ രേഖകൾ കുറ്റമറ്റതായി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങളിൽ ആദായനികുതി വകുപ്പിന്റെ അനാവശ്യ ഇടപെടലുകൾ തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

## സഹകരണ ബാങ്കുകളുടെ കാർഷിക വികസന വായ്പകൾ

4566 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ വായ്പകളിൽ എത്ര ശതമാനമാണ് കാർഷിക വികസനവുമായി ബന്ധപ്പെട്ട് വായ്പയായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ കാർഷിക വായ്പാ തോത് എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കൽ

4567 **ശ്രീ രമേശ് ചെന്നിത്തല**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കരുവന്നൂർ സഹകരണ ബാങ്കിൽ നിക്ഷേപിച്ച പണം നഷ്ടപ്പെട്ടവർക്ക് ആയത് തിരിച്ച് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## കണ്ടല സർവീസ് സഹകരണ ബാങ്കിന് പ്രത്യേക പാക്കേജ്

4568 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടല സർവീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട പ്രത്യേക പാക്കേജ് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) അതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികളുടെ വിശദാംശം വ്യക്തമാക്കാമോ; നിക്ഷേപകരുടെ ആശങ്ക ദൂരീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

## സഹകരണസംഘങ്ങളിലെ ക്രമക്കേടുകൾ തടയാൻ നടപടി

4569 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സഹകരണസംഘങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതിനാൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) സഹകരണ സംഘങ്ങളെ കുറ്റമറ്റതാക്കാൻ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം

4570 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം കോതമംഗലം മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ചിട്ടുള്ള റിസ്ക് ഫണ്ട് ആനുകൂല്യം എത്ര ആളുകൾക്ക് നൽയിട്ടുണ്ട്; സഹകരണ സംഘങ്ങൾ തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) അർഹരായ മുഴുവൻ വ്യക്തികൾക്കും സമയബന്ധിതമായി ധനസഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുമോ; വിശദമാക്കാമോ?

## <u>അഴീക്കോട് മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ</u>

4571 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ എത്ര സഹകരണ സംഘങ്ങളുണ്ടെന്ന വിവരം അവയുടെ പേര് സഹിതം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പ്രവർത്തനം നിലച്ച പോയ സഹകരണ സംഘങ്ങളുണ്ടോ; എങ്കിൽ അവയുടെ പേരു വിവരം അറിയിക്കാമോ?

## <u>കർഷകർക്ക് ഹ്രസ്വകാല വായ്പ</u>

4572 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് ഹ്രസ്വകാല വായ്പയായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പലിശ സബ്സിഡിയായി തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചതെന്ന് അറിയിക്കാമോ?

## <u>ഗസറ്റഡ് ഓഫീസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>

4573 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗസറ്റഡ് ഓഫീസേഴ്സ് ആയ ജീവനക്കാർ രൂപീകരിച്ച എത്ര സൊസൈറ്റികൾ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) തിരുവനന്തപുരം വഴുതക്കാട് പ്രവർത്തിക്കുന്ന ഗസറ്റഡ് ഓഫീസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ 2021 മുതലുള്ള പുതിയ മെമ്പർമാർ ആരെല്ലാമെന്നും പ്രസ്തുത മെമ്പർമാരുടെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കാമോ;

(സി) പ്രസ്തുത സൊസൈറ്റിയിൽ മെമ്പർഷിപ്പുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാരുടെ അപേക്ഷ പരിഗണനയിലുണ്ടെന്നും തീർപ്പാക്കാനുള്ള അപേക്ഷകളുടെ വിശദാംശവും ലഭ്യമാക്കാമോ;

(ഡി) ചില പ്രത്യേക വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് അല്ലെങ്കിൽ ഭരണകക്ഷി യൂണിയനിൽ പെട്ട ജീവനക്കാർക്ക് മാത്രമേ മെമ്പർഷിപ്പ് നൽകുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച ആക്ഷേപം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തന റിപ്പോർട്ടും ബാലൻസ് ഷീറ്റും പ്രകാരമുള്ള ആസ്തി ബാധ്യതകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; അവയുടെ പകർപ്പ് ലഭ്യമാക്കാമോ?

## പുനർജനി പദ്ധതി

4574 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർജനി പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ

4575 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയ സംഘങ്ങൾ എത്രയെണ്ണമുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ; ഇവ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നുവെന്നും അവയുടെ ആസ്തി ബാധ്യതകൾ എത്രയാണെന്നും വിശദമാക്കാമോ;

(സി) പ്രവർത്തനം നിലച്ചുപോയ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനോ മറ്റ് സംഘങ്ങൾ മുഖാന്തിരം ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങൾ

4576 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കാത്ത എത്ര സഹകരണ സ്ഥാപനങ്ങൾ ആണ് ഉള്ളതെന്ന് വിശദമാക്കാമോ; അതിന്റെ പേരുവിവരങ്ങൾ വ്യക്തമാക്കുമോ?

## സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി

4577 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്കായി നടപ്പിലാക്കിയിട്ടുള്ള പെൻഷൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ പദ്ധതി നിലവിൽ വന്നത് ഏത് വർഷം മുതലാണെന്നും അതിന് മുമ്പ് വിരമിച്ച ജീവനക്കാരുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മിനിമം പെൻഷൻ, മാക്സിമം പെൻഷൻ എന്നിങ്ങനെയുള്ള നിബന്ധനകളുണ്ടോ; വിശദമാക്കുമോ?

## <u>കാറഡുക്ക അഗ്രികൾച്ചറിസ്റ്റ് സഹകരണ സംഘം</u>

4578 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കാറഡുക്ക അഗ്രികൾച്ചറിസ്റ്റ് സഹകരണ സംഘം സ്ഥാപിതമായത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഈ സംഘത്തിൽ ഓഹരിയായും നിക്ഷേപമായും എത്ര തുകയുണ്ട്; പ്രസ്തുത സംഘത്തിലെ നിലവിലെ സ്വർണ്ണപ്പണയ വായ്പയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സമീപ കാലത്ത് ഈ സഹകരണ സംഘത്തിൽ തട്ടിപ്പ് നടന്നിരുന്നോയെന്നും ഇതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ; എങ്കിൽ പ്രസ്തുത കേസിൽ എത്ര പ്രതികളുണ്ടെന്നുള്ളത് വ്യക്തമാക്കാമോ;

(ഡി) പ്രതികൾ തട്ടിപ്പിന് സ്വീകരിച്ച മോഡസ് ഓപ്പറാന്റി എന്തായിരുന്നുവെന്ന് വിശദമാക്കുമോ; എത്ര രൂപയുടെ തട്ടിപ്പാണ് നടന്നതെന്നും പ്രതികളെ മുഴുവൻ പിടികൂടിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഇ) ഈ തട്ടിപ്പ് കാരണം ഇടപാടുകാർക്ക് ഉണ്ടായിട്ടുള്ളതും ഉണ്ടാകാൻ പോകുന്നതുമായ നഷ്ടം എത്രയാണെന്നും അത് എങ്ങനെ നികത്തുമെന്നും വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത സഹകരണ സംഘം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ജി) കാറഡുക്ക സഹകരണ സംഘം ഉൾപ്പെടെയുള്ള ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ പ്രസ്തുത കേസ് ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>വനിതാ സഹകരണ സംഘങ്ങൾ</u>

4579 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വനിതാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) വനിതാ സഹകരണ സംഘങ്ങളുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും 2016 മുതൽ ഇതിനായി എത്ര

തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

**<u>ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ക്രമക്കേട്</u>**

4580 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്രമക്കേട് സംബന്ധിച്ച് ബഡ്സ് ആക്ട് പ്രകാരം റെഗുലേറ്ററെ നിയമിച്ചിട്ടുണ്ടോയെന്നും അവർ ആരാണെന്നും റെഗുലേറ്റർ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) മുഖ്യ പ്രതികളുടെ ബിനാമികളുടെ പേരിലുള്ള വസ്തുവകകൾ കണ്ടെത്തിയിട്ടും അവരെ പ്രതിപട്ടികയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; ബിനാമികളുടെ പേരിൽ വാങ്ങിയ വസ്തുവകകൾ എങ്ങനെ അറ്റാച്ച് ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കടകംപള്ളി വില്ലേജിൽ ഇപ്രകാരം കണ്ടെത്തിയ എട്ട് ഏക്കർ ഭൂമി അറ്റാച്ച് ചെയ്യാൻ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>നാദാപുരം മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ</u>**

4581 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇവയിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു എന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനും നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് അറിയിക്കാമോ;

(ഡി) യുവജന സഹകരണ സംഘങ്ങൾ എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത മണ്ഡലത്തിൽ എത്ര യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ മണ്ഡലത്തിൽ പുതിയ യുവജന സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകുമോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ?

**<u>കാറഡുക്ക അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സൊസൈറ്റിയിലെ വായ്പ തട്ടിപ്പ്</u>**

4582 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കാറഡുക്ക അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സൊസൈറ്റിയിലെ വായ്പ തട്ടിപ്പ് സംബന്ധിച്ച് സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) തട്ടിപ്പ് കണ്ടെത്തിയതിനെത്തുടർന്ന് നിർബന്ധിത അവധിയിലായിരുന്ന സൊസൈറ്റി സെക്രട്ടറി അവധിയിലായിരുന്ന സമയം സൊസൈറ്റിയുടെ ലോക്കർ തുറന്ന് സ്വർണ്ണാഭരണങ്ങൾ കവർന്ന് വിവിധ ബാങ്കുകളിൽ പണയപ്പെടുത്തി വായ്പ എടുത്തതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നഷ്ടപ്പെട്ട സ്വർണ്ണാഭരണങ്ങളുടെ മൂല്യം എത്രയെന്നും; ഇത് തിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

## നീതി മെഡിക്കൽ സ്റ്റോറുകൾ

4583 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) നീതി മെഡിക്കൽ സ്റ്റോറുകൾ വഴി നിലവിൽ എത്ര ശതമാനം വിലക്കിഴിവിലാണ് മരുന്നുകൾ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നീതി മെഡിക്കൽ സ്കീം വഴി ഏതെല്ലാം മരുന്നുകളാണ് കുറഞ്ഞ നിരക്കിൽ നൽകി വരുന്നതെന്ന് വിശദമാക്കുമോ; കൂടുതൽ മരുന്നുകളെ ഇതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## നീതി മെഡിക്കൽ സ്റ്റോറുകൾ

4584 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണസംഘങ്ങളുടെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്; വിശദാംശം നൽകാമോ;

(ബി) പാലക്കാട് ജില്ലയിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
23-06-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].